بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْم نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْم وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْد

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാള്യം 5

വാർഷിക വരിസംഖ്യ 500 രൂപ

ലക്കം 10

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ഫെബ്രുവരി മാർച്ച് 05 ഹി.ശം. 1399 അമാൻ 05/1441 റജബ് 09


## അല്ലാഹുവിന്റെ വചനം

اِنَّ الَّذِيْنَ اشْتَرَوُا الْكُفْرَ بِالْاِيْمَانِ لَنْ يَّضُرُّوا اللّٰهَ شَيْـًٔا ۚ وَلَهُمْ عَذَابٌ اَلِيْمٌ ○

(آل عمران:178)

സത്യവിശ്വാസത്തിനുപകരം അവിശ്വാസത്തെ വിലക്കു വാങ്ങിയവരാരോ അവർ അല്ലഹുവിന് ഒരുവിധ ദ്രോഹവും ഒരിക്കലും വരുത്തിവെക്കുകയില്ല. അവർക്കു വേദനാജനകമായ ശിക്ഷ ഉണ്ടാകുന്നതുമാണ്.

(3:177)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സ്വന്തംതന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുന്നു എന്നത് വസ്തുതാപരവും ദൃഢഗാഢവുമായ കാര്യമാണ്; പക്ഷേ, ആരാണോ മടിയോടും അലസതയോടും കൂടി പ്രവർത്തിക്കുന്നത് അവൻ അവസാനം നശിച്ചൊടുങ്ങുന്നതാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### ലികുല്ലി ദാഇൻ ദവാഉൻ എന്നതിന്റെ വിശദമായ അർഥം

ചില സ്വഭാവങ്ങൾ മാറ്റുന്നതിന് അവൻ ശക്തനാണെന്നും ചിലതിൽ അല്ലെന്നുമുള്ള കാര്യം ശരിയല്ല. അങ്ങനെ ഒരിക്കലുമല്ല. എല്ലാ ഓരോ രോഗത്തിനും ചികിത്സയുണ്ട്. *ലികുല്ലിദാഇൻ ദവാഉൻ* അഹോ കഷ്ടം! ആളുകൾ നബി(സ) തിരുമേനിയുടെ ഈ അനുഗൃഹീതവചനത്തെ ആദരിക്കുന്നില്ല. അതിനെ ബാഹ്യമായ രോഗങ്ങളിൽ മാത്രം പരിമിതമെന്ന് മനസ്സിലാക്കുന്നു. ഇത് എത്രമാത്രം വിഡ്ഢിത്തവും അബദ്ധവുമാണ്. ഏതൊരു അവസ്ഥയിൽ നശ്വരമായ ഒരു ശരീരത്തിന്റെ പരിഷ്കരണത്തിനും ക്ഷേമത്തിനും എല്ലാ സാധനസാമഗ്രികളും നിലവിലുണ്ടെന്നിരിക്കെ മനുഷ്യന്റെ ആത്മീയരോഗങ്ങൾ അകറ്റുന്നതിന് അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഒന്നും ഇല്ലെന്നാണോ? തീർച്ചയായുമുണ്ട്!

സ്വന്തംതന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുന്നു എന്നത് വസ്തുതാപരവും ദൃഢഗാഢവുമായ കാര്യമാണ്; പക്ഷേ, ആരാണോ മടിയോടും അലസതയോടും കൂടി പ്രവർത്തിക്കുന്നത് അവൻ അവസാനം നശിച്ചൊടുങ്ങുന്നതാണ്.

### രണ്ടുതരം വാർധക്യാവസ്ഥ

മനുഷ്യനുമേൽ ഒരുഭാഗത്ത് നഷ്സിൻ ഫിൽ ഖൽഖിന്റെ കാലഘട്ടം വരുന്നതുപോലെ! അതിനെ വാർധക്യം എന്നു പറയുന്നു. ആ നേരത്ത് കണ്ണുകൾ അതിന്റെ പ്രവൃത്തി ഉപേക്ഷിച്ചുകളയുന്നു. ചെവി കേൾക്കാൻ കഴിയുകയുമില്ല. ചുരുക്കത്തിൽ ശരീരത്തിന്റെ ഓരോരോ അവയവവും അതിന്റെ ജോലി ചെയ്യാൻ കഴിവില്ലാത്തതും ജോലിയിൽനിന്ന് പിരിച്ചയക്കപ്പെടുന്നതിന് അടുത്തടുത്തായും ആയിത്തീരുന്നു. ഇതേപ്രകാരം വാർധക്യകാലം രണ്ടുവിധത്തിലുണ്ടെന്ന് ഓർമിച്ചുകൊള്ളുക. സ്വാഭാവികവും അസ്വാഭാവികവും. സ്വാഭാവികം എന്നത് മുകളിൽ പറഞ്ഞതുപോലെയാണ്. അസ്വഭാവികം എന്നത് ആരും തനിക്ക് ബാധിക്കപ്പെട്ട രോഗങ്ങളെ കുറിച്ച് ചിന്തിക്കാതിരിക്കുക. അങ്ങനെയായാൽ അത് മനുഷ്യനെ ക്ഷീണിതനാക്കുകയും അകാലത്തിൽത്തന്നെ വൃദ്ധനാക്കിത്തീർക്കുകയും ചെയ്യും. ശാരീരിക വ്യവസ്ഥിതിയിൽ ഇങ്ങനത്തെ രീതിയുള്ളതുപോലെ ആന്തരികവും ആത്മീയവുമായ വ്യവസ്ഥിതിയിലും ഉണ്ടാകുന്നു. തന്റെ ദോഷകരമായ സ്വഭാവങ്ങളെ ശ്രേഷ്ഠമായ സ്വഭാവങ്ങൾകൊണ്ടും നന്മ നിറഞ്ഞ സ്വഭാവങ്ങൾകൊണ്ടും മാറ്റാൻ ശ്രമിക്കുന്നില്ലെങ്കിൽ അവന്റെ ധാർമികാവസ്ഥ തികച്ചും വീണുപോകുന്നു. നബി(സ)തിരുമേനിയുടെ നിർദേശങ്ങളിൽനിന്നും വിശുദ്ധഖുർആന്റെ അധ്യാപനങ്ങളിൽനിന്നും ഇക്കാര്യം വ്യക്തമായും സ്ഥാപിതമായി കഴിഞ്ഞിട്ടുണ്ട്. അതായത് എല്ലാ ഓരോ രോഗത്തിനും മരുന്നുണ്ട്. പക്ഷേ, മടിയും അലസതയും മനുഷ്യനിൽ അതിജയിച്ചുവന്നാൽപ്പിന്നെ നാശമെന്നല്ലാതെ മറ്റെന്തുണ്ടാകാനാണ്. ആരേയും ആശ്രയിക്കാത്ത വൃദ്ധൻ ജീവിക്കുന്നതുപോലെ ജീവിതം നയിക്കുകയാണെങ്കിൽ എങ്ങനെ രക്ഷയുണ്ടാകാനാണ്.

സ്വഭാവങ്ങളുടെ മാറ്റം മുജാഹദ(ശരീരേച്ഛയുമായുള്ള കഠിനമായ പോരാട്ടം)യും ദുആയുംകൊണ്ട് സാധ്യമാണ്.

മനുഷ്യൻ മുജാഹദ ചെയ്യാത്തിടത്തോളം, ദുആ കൊണ്ട് പണിയെടുക്കാത്തിടത്തോളം മനസ്സിലുണ്ടാകുന്ന മൂടൽ അകലുകയില്ല. അല്ലാഹു പറയുന്നു: *ഇന്നല്ലാഹ ലാ യുഗയ്യിറു മാ ബിഖൗമിൻ ഹത്താ യുഗയ്യിറു മാ ബി അൻഫുസിഹിം* ധീരതയോടുകൂടി പണിയെടുക്കുന്നില്ലെങ്കിൽ മാറ്റം എങ്ങനെയുണ്ടാകാനാണ്? ഇത് അല്ലാഹുവിന്റെ മാറ്റമില്ലാത്ത ഒരു നടപടിക്രമമാണ്. *വലൻ തജിദ ലിസുന്നത്തില്ലാഹി തബ്ദീല* (33:63) എന്ന് അവൻ പറഞ്ഞതുപോലെ, അല്ലാഹുവിന്റെ നടപടിക്രമത്തിന് നീ ഒരു മാറ്റവും കാണുകയില്ല. അതിനാൽ നമ്മുടെ ജമാഅത്താണെങ്കിലും മറ്റാരാണെങ്കിലും സ്വഭാവങ്ങളിൽ മാറ്റമുണ്ടാക്കാൻ സാധിക്കുന്നത്, മുജാഹദയോടും ദുആയോടുകൂടി പ്രവർത്തിക്കുമ്പോഴാണ്. അല്ലെങ്കിൽ അത് അസംഭാവ്യമാണ്.

### സ്വഭാവങ്ങളുടെ മാറ്റത്തെ സംബന്ധിച്ച് രണ്ട് അഭിപ്രായം

സ്വഭാവങ്ങളുടെ മാറ്റത്തിൽ തത്ത്വശാസ്ത്രപണ്ഡിതന്മാരുടെ രണ്ട് അഭിപ്രായമുണ്ട്. സ്വഭാവങ്ങൾ മാറ്റാൻ മനുഷ്യന് കഴിവുണ്ടെന്ന് പറയുന്നവരാണ് ഒരുകൂട്ടർ. മറ്റൊരു കൂട്ടർ പറയുന്നത് മാറ്റാൻ മനുഷ്യൻ ശക്തനല്ലെന്നാണ്. യാഥാർഥ്യമെന്താണെന്നാൽ, മടിയും അലസതയും ഉണ്ടാകാൻ പാടില്ല. കൈയും കാലും അനക്കുന്നതായാൽ മാറ്റമുണ്ടാകാം. എനിക്കിവിടെ ഒരു ഹിക്കായത്ത്(ചരിത്രസംഭവം) ഓർമ വരികയാണ്. അതിതാണ് പറയുന്നു: ക്രിസ്ത്യാനികളുടെ പ്രസിദ്ധ തത്ത്വശാസ്ത്ര പണ്ഡിതനായ പ്ലാറ്റോവിന്റെ അടുത്ത് ഒരാൾ വന്നു. അയാൾ വാതിൽക്കൽനിന്ന് ഉള്ളിൽ വിവരം നല്കി. വരുന്നയാളുടെ പ്രകൃതിയും മുഖത്തിന്റെ ചിത്രവും അറിയുന്നതുവരെ ഉള്ളിൽ കയറാൻ അനുവദിക്കാതിരിക്കുക എന്നത് അദ്ദേഹത്തിന്റെ ശീലമായിരുന്നു. അദ്ദേഹം മുഖലക്ഷണം മനസ്സിലാക്കി വന്നയാൾ എങ്ങനെയുള്ളയാളാണെന്ന് തിരിച്ചറിയുമായിരുന്നു. ജോലിക്കാരൻ വന്ന് വന്നയാളുടെ രൂപാകൃതിയും മറ്റു കാര്യങ്ങളും പറഞ്ഞു. അപ്പോൾ 'താങ്കളിൽ ദുസ്വഭാവങ്ങൾ വളരെയേറെയുണ്ട്. അതുകൊണ്ട് കാണാൻ ആഗ്രഹിക്കുന്നില്ലെന്ന് അയാളോട് പറയാൻ' പ്ലാറ്റോ സേവകനോടു പറഞ്ഞയച്ചു: പ്ലാറ്റോവിന്റെ മറുപടി അയാൾ കേട്ടപ്പോൾ ജോലിക്കാരനോട് പറഞ്ഞു: 'താങ്കൾ പറഞ്ഞതു ശരിയാണെന്ന് അദ്ദേഹത്തോടു പറയുക. പക്ഷേ, എന്റെ എല്ലാ ചീത്ത ശീലങ്ങളും ഞാൻ ഒഴിവാക്കുന്നതായിരിക്കും.' അപ്പോൾ പ്ലാറ്റോ പറഞ്ഞു: 'അതിന് സാധ്യതയുണ്ട്. ശരിയാണ്.' പറയുന്നു: 'അയാളെ ഉള്ളിൽ വിളിപ്പിച്ചു. അങ്ങേയറ്റം ആദരവോടും ബഹുമാനത്തോടും കൂടികാഴ്ച നടന്നു. സ്വഭാവങ്ങൾ മാറ്റുക എന്നത് അസംഭാവ്യമാണെന്ന് കരുതുന്ന തത്ത്വശാസ്ത്രപണ്ഡിതന്മാർ തെറ്റിലാണുള്ളത്. ചില തൊഴിലാളികൾ കൈക്കൂലി വാങ്ങുന്നത് നാം കാണാറുണ്ട്. അവർ സത്യസന്ധമായി മാനസാന്തരപ്പെട്ടു മടങ്ങുമ്പോൾ സ്വർണത്തിന്റെ മല തന്നെ ആരെങ്കിലും നല്കിയാലും അതിലേക്ക് നോക്കുകയില്ല." **(മൽഫൂദാത്ത്, വാള്യം 1, പേജ് 117-119, ഖാദിയാൻ 2018)**


The Weekly BADR Qadian (Malayalam)

*https://www.akhbarbadrqadian.in/*



പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

**ഖലീഫ തയ്യാറാക്കിയിട്ടുള്ള പദ്ധതിക്കും അതിന്റെ അഭിവൃദ്ധിക്കുംവേണ്ടിയായിരിക്കണം. ജമാഅത്തിന്റെ ഐക്യത്തിന് അവർ മതപരമായ അധ്യാപനങ്ങളനുസരിച്ച് എല്ലാ ത്യാഗത്തിനും തയ്യാറായിരിക്കണം. സ്വഭാവങ്ങളുടെയും ആത്മീയതയുടെയും പരിഷ്കരണത്തിലും അതിന്റെ മാർഗങ്ങളിലും ആലോചനകളും ചിന്തകളും അവരുടെ ലക്ഷ്യമായിരിക്കണം. കുട്ടികളുടെ ശിക്ഷണത്തിൽ തങ്ങളുടെ ഉത്തരവാദിത്വം പ്രത്യേകമായ നിലയിൽ മനസ്സിലാക്കണം. അവരുടെ മതപരമായ ജീവിതം സുദൃഢമാകുന്നതിന് അവരെ ബുദ്ധിമുട്ടുകൾ നസഹിക്കുന്നവരാക്കിത്തീർക്കണം.ദീനീപരമായ കാര്യങ്ങളെക്കുറിച്ച് ബോധമുള്ളവരാക്കണം. അവരുടെ ഉള്ളിൽ അല്ലാഹുവിനോടും റസൂലിനോടും മസീഹ് മൗഊദിനോടും ഖലീഫമാരോടും സ്നേഹത്തിന്റേയും അനുസരണത്തിന്റേയും വികാരമുണ്ടാക്കണം. അവരിൽ ജീവിതം ദൈവമാർഗത്തിൽ സമർപിക്കാനുള്ള ആവേശമുണ്ടാക്കണം. സംഘടനയിലെ അംഗങ്ങൾ പരസ്പരം സഹായിച്ച് പ്രവർത്തിക്കണം. മറ്റുള്ളവരുടെ തെറ്റുകൾ മറച്ചുവെക്കണം. ക്ഷമയുടേയും ധൈര്യത്തിന്റെയും സവിശേഷഗുണങ്ങൾ ഉണ്ടാക്കണം.**

---

## ലജ്ന ഇമാഇല്ലാഹ് ഹോളണ്ടിന്റെ ഗോൾഡൻ ജൂബിലിയുടെ അവസരത്തിൽ 'ഖദീജ' മാസികയുടെ സ്പെഷ്യൽപതിപ്പിലേക്ക് സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ പ്രത്യേക സന്ദേശം

بسم اللہ الرحمٰن الرحیم

نحمدہ ونصلی علی رسولہ الکریم وعلی عبدہ المسیح الموعود

*ഖുദാകെ ഫള്ൽ ഔർ റഹം കെ സാഥ്*

*ഹുവന്നാസിർ*

ഹോളണ്ടിലെ എന്റെ പ്രിയപ്പെട്ട ലജ്ന അംഗങ്ങളേ!

*അസ്സലാമു അലയ്ക്കും. വ റഹ്മത്തുല്ലാഹി വബറക്കാത്തുഹു.*

ഹോളണ്ട് ലജ്ന ഇമാഇല്ലാഹ് അവരുടെ സ്ഥാപനത്തിന്റെ 50 വർഷം പൂർത്തിയായതിൽ, ഗോൾഡൻ ജൂബിലി ആഘോഷിക്കുകയും ഈ അവസരത്തിൽ ഖദീജ മാസികയുടെ പ്രത്യേക പതിപ്പും പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നുവെന്നറിഞ്ഞതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. അല്ലാഹു അതിനെ എല്ലാ വിധത്തിലും അനുഗൃഹീതമാക്കുമാറാകട്ടെ.

സ്വദ്ർ സാഹിബ ലജ്ന ഇമാഇല്ലാഹ് ഈ അവസരത്തിൽ സന്ദേശം അയച്ചുതരണമെന്ന് എന്നോട് അപേക്ഷിച്ചിരിക്കുകയാണ്. എന്റെ സന്ദേശമിതാണ്: ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ സംഘടന പ്രസിദ്ധീകരിച്ചതിന്റെ ഉദ്ദേശ്യം എന്തായിരുന്നുവോ ആ ഉദ്ദേശ്യം നിങ്ങളുടെ കർമപരവും സ്വഭാവപരവും ആത്മീയപരവുമായ അഭിവൃദ്ധി കരസ്ഥമാക്കുന്നതിന് മുന്നിൽവെക്കുക. അവയെ നിങ്ങളുടെ ഖിലാഫത്തുമായുള്ള ശക്തമായ ബന്ധത്തിന് ഉപയോഗിക്കുക. 1922 ഡിസംബർ 25നാണ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) ലജ്ന ഇമാഇല്ലായ്ക്ക് അടിത്തറ പാകിയത്. അവിടന്ന് ഒരു ലേഖനമെഴുതുകയും അതിലൂടെ ഖാദിയാനിലെ അഹ്മദി സ്ത്രീകളെ അവിടന്ന് ക്ഷണിക്കുകയും ചെയ്തു. അതിൽ എഴുതപ്പെട്ട കാര്യങ്ങളെ സഹായിക്കാൻ തയ്യാറുള്ളവരേയും അതുമായി യോജിക്കുന്നവരേയും ആ ഉദ്ദേശ്യങ്ങൾ കരസ്ഥമാക്കുന്നതിന് സംഘടിതമായി പ്രവർത്തിക്കാൻ സന്നദ്ധരാകുന്നവരേയുമാണ് അവിടന്ന് ക്ഷണിച്ചത്.

സ്ത്രീകൾ തങ്ങളുടേയും മറ്റുള്ള സ്ത്രീകളുടേയും അറിവ് വർധിപ്പിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം; അവർക്ക് സ്വന്തമായ അഞ്ചുമൻ ഉണ്ടാകണം. അതിന് നിയമങ്ങളും ചട്ടങ്ങളും ഉണ്ടാകണം. അവർ ജൽസകളിൽ ഇസ്‌ലാമിക കാര്യങ്ങളെ സംബന്ധിച്ച് തങ്ങളെഴുതിയ ലേഖനങ്ങൾ വായിക്കണം.

ഇസ്‌ലാമിനെക്കുറിച്ച് അറിവുള്ളവരെക്കൊണ്ട് പ്രഭാഷണം നടത്തിക്കണം. സ്ത്രീകളുടെ അഞ്ചുമന്റെ എല്ലാ പരിപാടികളും കാലത്തിന്റെ ഖലീഫ തയ്യാറാക്കിയിട്ടുള്ള പദ്ധതിക്കും അതിന്റെ അഭിവൃദ്ധിക്കും വേണ്ടിയായിരിക്കണം. ജമാഅത്തിന്റെ ഐക്യത്തിന് അവർ മതപരമായ അധ്യാപനങ്ങളനുസരിച്ച് എല്ലാ ത്യാഗത്തിനും തയ്യാറായിരിക്കണം. സ്വഭാവങ്ങളുടെയും ആത്മീയതയുടെയും പരിഷ്കരണത്തിലും അതിന്റെ മാർഗങ്ങളിലും ആലോചനകളും ചിന്തയും അവരുടെ ലക്ഷ്യമായിരിക്കണം. കുട്ടികളുടെ ശിക്ഷണത്തിൽ തങ്ങളുടെ ഉത്തരവാദിത്വം പ്രത്യേകമായ നിലയിൽ മനസ്സിലാക്കണം. അവരുടെ മതപരമായ ജീവിതം ദൃഢമാകുന്നതിന് അവരെ ബുദ്ധിമുട്ടുകൾ സഹിക്കുന്നവരാക്കിത്തീർക്കണം. ദീനീപരമായ കാര്യങ്ങളെക്കുറിച്ച് ബോധമുള്ളവരാക്കണം. അവരുടെ ഉള്ളിൽ അല്ലാഹുവിനോടും റസൂലിനോടും മസീഹ് മൗഊദിനോടും ഖലീഫമാരോടും സ്നേഹത്തിന്റേയും അനുസരണത്തിന്റേയും വികാരമുണ്ടാക്കണം. അവരിൽ ജീവിതം ദൈവമാർഗത്തിൽ സമർപിക്കാനുള്ള ആവേശമുണ്ടാക്കണം. സംഘടനയിലെ അംഗങ്ങൾ പരസ്പരം സഹായിച്ച് പ്രവർത്തിക്കണം. മറ്റുള്ളവരുടെ തെറ്റുകൾ മറച്ചുവെക്കണം. ക്ഷമയുടേയും ധൈര്യത്തിന്റേയും സവിശേഷഗുണങ്ങൾ ഉണ്ടാക്കണം. ജനങ്ങളുടെ പരിഹാസവും അവഹേളനവും തന്റേടത്തോടും ധൈര്യത്തോടുംകൂടി നേരിടുന്നതിനുള്ള വിത്ത് പാകണം; മറ്റു സ്ത്രീകൾക്കും പാഠമാകുന്നതിന്! ഈ ഉദ്ദേശ്യത്തിന് മറ്റു സ്ത്രീകളേയും നിങ്ങളുടെ ചിന്താഗതിക്കാരാക്കണം. ജമാഅത്ത് എന്തെങ്കിലും ഒരു പ്രത്യേക സംഘത്തിന്റെ പേരല്ല. ചെറിയവർ, വലിയവർ, ദരിദ്രർ, സമ്പന്നർ തുടങ്ങി എല്ലാവരുടേയും പേരാണ് ജമാഅത്ത്. പരസ്പര സ്നേഹവും സമത്വവും ഉണ്ടാക്കാൻ ശ്രമിക്കണം. എല്ലാ സഹായങ്ങളും വിജയങ്ങളും അല്ലാഹുവിൽനിന്നാണ് വരുന്നത്. അതുകൊണ്ട് ദുആ ചെയ്യുക. ആ ഉദ്ദേശ്യങ്ങൾ ദിവ്യബോധമായിരിക്കണം; അത് നമ്മുടെ സൃഷ്ടിപ്പിൽ അവൻ പരിഗണിച്ചുവെച്ചിട്ടുള്ളതാണ്. ഇതിൽ ആദ്യം 13 സ്ത്രീകൾ ഒപ്പുവച്ചു. അവർ ഹുദൂർ(റ) പറഞ്ഞതനുസരിച്ച് ഹദ്റത്ത് ഉമ്മുൽ മുഅ്മിനീന്റെ വസതിയിൽ സംഘടിച്ചു. അവിടന്ന് അവരെ സംബോധന ചെയ്തു. അതോടുകൂടി ലജ്ന ഇമാഇല്ലാഹ് രൂപീകരിക്കപ്പെട്ടു. ഹുദൂർ(റ) ദിവ്യപ്രചോദനത്താൽ പറഞ്ഞു: '50% സ്ത്രീകളുടെ പരിഷ്കരണം നടത്തിയാൽ ഇസ്‌ലാമിന് അഭിവൃദ്ധി കരസ്ഥമാകുന്നതായിരിക്കും. അങ്ങനെ അവിടന്ന് ലജ്ന ഇമാഇല്ലായുടെ ശിക്ഷണത്തിലേക്കും സംഘടനയിലേക്കും വളരെയധികവും അഗാധവുമായ ശ്രദ്ധ ചെലുത്തിക്കൊണ്ടിരുന്നു.

അതിനാൽ ലജ്ന ഇമാഇല്ലാഹ് സ്ഥാപിക്കപ്പെട്ടതിന്റെ ഈ ഉദ്ദേശ്യങ്ങൾ എപ്പോഴും മുന്നിൽ വെക്കുക. ഇതിനുവേണ്ടി കാലത്തിന്റെ ഖലീഫയുടെ പ്രാർഥനകളും, മാർഗദർശനങ്ങളും വേണ്ടത് അങ്ങേയറ്റം അനിവാര്യമാണ്. നിങ്ങൾ ഈ അടിസ്ഥാനപരമായ ഉപദേശങ്ങൾ മുമ്പിൽ വെക്കുകയാണെങ്കിൽ ഇൻശാഅല്ലാഹ് നിങ്ങളുടെ എല്ലാ പരിപാടികളും പദ്ധതികളും വിജയിക്കുന്നതായിരിക്കും. നിങ്ങളുടെ ഓരോ ചുവടും അഭിവൃദ്ധിയിലേക്കായിരിക്കും. അല്ലാഹു നിങ്ങൾക്ക് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ

വസ്സലാം

വിനീതൻ, ഒപ്പ്

(മിർസാ മസ്റൂർ അഹ്മദ്)

ഖലീഫത്തുൽ മസീഹ് അൽഖാമിസ്

**(2019 സെപ്തംബർ 27 ന് പ്രസിദ്ധീകരിച്ച അൽഫള്ൽ ഇന്റർനാഷണൽ പത്രത്തോട് കടപ്പാട്.)**

### കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും മനസ്സുകളിൽ മലക്കുകളുടെ സൈന്യം ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുന്ന കാലം വിദൂരമല്ല, പ്രത്യുത വളരെ അടുത്താണ്."**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

### നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:

**രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.**
**വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.**

**1800 3010 2131**

**ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് നകാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.**

## ഖുത്ബ ജുമുഅ

ഇസ്‌ലാമിൽ ഇന്നുവരെ ഒരു സ്ത്രീയെ സംബന്ധിച്ചും ഉമ്മു സുലയിമിന്റെ മഹറിന്റെ
അത്രയും പവിത്രമായ മഹർ നിശ്ചയിക്കപ്പെട്ടതായി ഞാൻ കേട്ടിട്ടില്ല.

നബി(സ)തിരുമേനിയുടെ കാലത്ത് ഹദ്‌റത്ത് അബൂത്വൽഹ (റ)ജിഹാദ് കാരണത്താൽ ശക്തി ക്ഷയിച്ചുപോകാതിരിക്കാൻ നഫ്ൽ നോമ്പുകൾ അനുഷ്ഠിക്കാറുണ്ടായിരുന്നില്ല. നബി(സ)തിരുമേനി വഫാത്തായപ്പോൾ പിന്നെ ചെറിയ പെരുന്നാളിനും ബലിപെരുന്നാളിനുമല്ലാതെ മറ്റൊരിക്കലും നോമ്പുകാരനല്ലാത്ത സ്ഥിതിയിൽ ഞാൻ അദ്ദേഹത്തെ കണ്ടിട്ടുമില്ല.

ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപമായ ബദ്‌രി സ്വഹാബി
**ഹദ്‌റത്ത് അബൂത്വൽഹ(റ)ന്റെ അനുഗൃഹീതമായ ജീവിത ചരിത്രം**

തന്റെ ജോലിയിൽ പ്രാവീണ്യമുള്ള ആളും കഠിനാധ്വാനിയും വഖ്ഫിന്റെ റൂഹോടുകൂടി സേവനം ചെയ്ത വ്യക്തിയുമായ ബാവു മുഹമ്മദ് ലത്വീഫ് സാഹിബിന്റെ വേർപാടും അദ്ദേഹത്തെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും

**ഖുത്ബ ജുമുഅ 2020 ജനുവരി 31/1399 സ്വുൽഹ് 31**
**മസ്ജിദ് ബയ്ത്തുൽ മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്(സർറെ),യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്മദ്
അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ-
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ- اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ-
صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഇന്നു വിവരിക്കുവാൻ പോകുന്ന സ്വഹാബിയുടെ പേര് ഹദ്‌റത്ത് അബൂത്വൽഹ(റ)എന്നാണ്. ഹദ്‌റത്ത് അബൂത്വൽഹാ അൻസ്വാരിയുടെ യഥാർഥ നാമം സയ്ദ് എന്നായിരുന്നു. അൻസ്വാർ ഗോത്രമായ ഖദ്‌റജുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ഇദ്ദേഹം ഗോത്രത്തിന്റെ നേതാവായിരുന്നു. അബൂത്വൽഹ എന്ന സംജ്ഞാനാമത്തിലാണ് അദ്ദേഹം കൂടുതൽ അറിയപ്പെട്ടിരുന്നുത്. ഹദ്‌റത്ത് അബൂത്വൽഹായുടെ പിതാവിന്റെ പേര് സഹ്ൽ ബിൻ അസ്‌വദ് എന്നും മാതാവിന്റെ പേര് ഉബാദ ബിൻത് മാലിക് എന്നുമായിരുന്നു. ഹദറത്ത് അബൂത്വൽഹക്ക് രണ്ടാം അഖബ ബയ്അത്തിൽ നബി(സ)തിരുമേനിയുടെ കൈയിൽ ബയ്അത്തു ചെയ്യാൻ ഭാഗ്യം ലഭിച്ചു. അദ്ദേഹം ബദ്ർ യുദ്ധത്തിലും മറ്റെല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. ഹദ്‌റത്ത് അബൂ ഉബയ്ദ ബിൻ അൽ ജർറാഹ് ഹിജ്‌റത്ത് ചെയ്ത് മദീനയിൽ വന്നപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തെ അബൂത്വൽഹായുടെ സഹോദരനാക്കി. ഹദ്‌റത്ത് അബൂത്വൽഹ ഗോതമ്പ് നിറവും ഇടത്തരം പൊക്കവുമുള്ള ആളായിരുന്നു. അദ്ദേഹം ഒരിക്കലും നരച്ച മുടിയുടെ മേൽ ചായം കൊടുത്തിരുന്നില്ല.(ഉസുദുൽഗാബ വാള്യം 5, പേജ് 183–184, അബൂത്വൽഹ അൻസ്വാരി, വാള്യം 2 പേജ് 150 സയ്ദ് ബിൻ സഹ്ൽ, ദാറുൽഫികർ ബേറൂത്ത് ലബ്നാൻ 2003)

എങ്ങനെയാണോ മുടിയുണ്ടായിരുന്നത് അങ്ങനെ തന്നെ വെച്ചു.

ഹദ്‌റത്ത് അനസ്(റ), ഹദ്‌റത്ത് അബൂത്വൽഹയുടെ റബീബ് അഥവാ ഭാര്യയുടെ ആദ്യ ഭർത്താവിലുള്ള മകനായിരുന്നു. ഹദ്‌റത്ത് ഉമ്മു സുലയ്മി(റ)ന്റെ ആദ്യ ഭർത്താവ് മാലിക് ബിൻ നളർ ആയിരുന്നു. അദ്ദേഹം വഫാത്തായപ്പോൾ ഹദ്‌റത്ത് അബൂത്വൽഹയുമായി അവരുടെ വിവാഹം നടന്നു. അവരിൽനിന്നുമാണ് അബ്ദുല്ലായും ഉമയ്റും ജനിച്ചത്. (അൽഇസ്തീആബ് ഫീ മഅ്‌രിഫത്തിൽ അസ്ഹാബ്, വാള്യം 2, പേജ് 124, ദാറുൽകുതുബുൽ ഇൽമിയ്യാ ബേറൂത്ത് ലബ്നാൻ 2010)(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, വാള്യം 3, പേജ് 383, ദാറുൽകുതുബുൽ ഇൽമിയ്യാ ബേറൂത്ത് ലബ്നാൻ 1990)(ഉംദത്തുൽ ഖാരി, ശറഹ് സ്വഹീഹുൽബുഖാരി, കിതാബുസ്സ്വലാത്ത്, വാള്യം 4, പേജ് 124, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യാ ബേറൂത്ത് 2001)

ഹദ്‌റത്ത അനസ്(റ) വിവരിക്കുന്നു: ഹദ്‌റത്ത് അബൂത്വൽഹ ഉമ്മു സുലയ്മിനോട് വിവാഹാഭ്യർഥന നടത്തിക്കൊണ്ടുള്ള സന്ദേശം അയച്ചു. ഉമ്മു സുലയിം പറഞ്ഞു: അല്ലാഹുവാണ! താങ്കളെപ്പോലെയുള്ള ഒരാളെ വിവാഹം കഴിക്കുന്നത് ഞാൻ നിഷേധിക്കുകയില്ലായിരുന്നു. പക്ഷേ, താങ്കൾ ബഹുദൈവവിശ്വാസിയും ഞാൻ ഒരു മുസ്‌ലിമുമാണല്ലോ. ഇത് സുനൻ നസാഇയിലുള്ള നിവേദനമാണ്. ഞാൻ മുസ്‌ലിം സ്ത്രീയാണ്. എനിക്ക് താങ്കളുമായുള്ള വിവാഹം അനുവദനീയമല്ല. താങ്കൾ മുസ്‌ലിം ആകുകയാണെങ്കിൽ അതായിരിക്കും എനിക്ക് മഹർ. അതല്ലാതെ മറ്റൊന്നും ഞാൻ ആവശ്യപ്പെടുകയില്ല. ഹദ്‌റത്ത് അബൂ ത്വൽഹ(റ) ഇസ്‌ലാം സ്വീകരിച്ചു. അത് അവരുടെ മഹർ ആയി നിശ്ചയിക്കപ്പെട്ടു. ഹദ്ത്ത് ഥാബിത്ത്(റ) പറയാറുണ്ടായിരുന്നു, ഇസ്‌ലാമിൽ ഇന്നുവരെ ഒരു സ്ത്രീയെ സംബന്ധിച്ചും ഉമ്മു സുലയിമിന്റെ മഹറിന്റെ അത്രയും പവിത്രമായ മഹർ നിശ്ചയിക്കപ്പെട്ടതായി ഞാൻ കേട്ടിട്ടില്ല. (സുനൻ നസാഇ, കിതാബുന്നിക്കാഹ്, ഹദീഥ് 3341)

ഹദ്‌റത്ത് അബൂത്വൽഹ(റ) ബദ്ർ യുദ്ധത്തിൽ നബി(സ)തിരുമേനിയോടൊപ്പമുണ്ടായിരുന്നു. ഹദ്‌റത്ത് അബൂത്വൽഹ(റ)വിവരിക്കുന്നു: 'ബദ്ർ യുദ്ധത്തിന്റെ രണ്ടാം ദിവസം നബി(സ) തിരുമേനി ഇരുപത്തി നാലു ഖുറയ്ശി നേതാക്കളെക്കുറിച്ച് കല്പന നല്കി. അതനുസരിച്ച് അവർ ബദ്‌റിലെ ഒരു പൊട്ടക്കിണറ്റിൽ ഇടപ്പെട്ടു. ഏതെങ്കിലും ജനതയുടെമേൽ വിജയം വരിച്ചു കഴിഞ്ഞാൽ അവിടന്ന് മൂന്നു രാത്രി ആ മൈതാനത്ത് തങ്ങുമായിരുന്നു. അങ്ങനെ ബദ്‌റിൽ മൂന്നു ദിവസം കഴിഞ്ഞപ്പോൾ നബി(സ)തിരുമേനി തന്റെ ഒട്ടകത്തിൽ ജീനി കെട്ടാൻ കല്പിച്ചു. അങ്ങനെ അതിനുമേൽ ജീനി കെട്ടപ്പെട്ടു. നബി(സ) തിരുമേനി പുറപ്പെട്ടു. അവിടത്തെ സ്വാഹാബത്തും കൂടെ പുറപ്പെട്ടു. അവർ പറഞ്ഞു: അങ്ങ് എന്തോ ഉദ്ദേശിച്ചാണ് അവിടെനിന്ന് പുറപ്പെട്ടതെന്ന് ഞങ്ങൾക്കറിയാമായിരുന്നു. അവിടന്ന് ആ 24 പേരുടെ ശവശരീരങ്ങൾ ഇട്ട കിണറിന്റെ വക്കിലെത്തി അവിടെ നിന്നു. മൂടിയ കിണറായിരുന്നു അത്. അവിടന്ന് അവരെ അവരുടെ പിതാക്കളുടെ പേരെടുത്തുകൊണ്ട് വിളിക്കാൻ തുടങ്ങി. അതായത് ഇന്ന ഇന്നയാളുടെ മകനേ! ഇന്നഇന്നയാളുടെ മകനേ! അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിച്ചാൽ മതിയായിരുന്നു എന്നോർത്ത് ഇപ്പോൾ നിങ്ങൾക്ക് സന്തോഷമുണ്ടാകും. എന്തെന്നാൽ, ഞങ്ങളുടെ നാഥൻ ഞങ്ങളോടു ചെയ്ത വാഗ്ദാനം സത്യമായും പാലിച്ചത് ഞങ്ങൾ കണ്ടിരിക്കുന്നു. നിങ്ങളുടെ നാഥൻ നിങ്ങൾക്കു നല്കിയ വാഗ്ദാനം നിങ്ങളും പ്രാപിച്ചുവോ? അബൂത്വൽഹ(റ) പറയുമായിരുന്നു, ആ അവസരത്തിൽ ഹദ്‌റത്ത് ഉമർ(റ) ചോദിച്ചു: 'യാ റസൂലല്ലാഹ്! അങ്ങ് ആ മൃതശരീരങ്ങളോട് എന്താണു പറഞ്ഞുകൊണ്ടിരിക്കുന്നത്? നബി(സ) തിരുമേനി പറഞ്ഞു: മുഹമ്മദിന്റെ ജീവൻ ആരുടെ കൈയിലാണോ അവനാണ! ഞാൻ പറയുന്ന കാര്യങ്ങൾ അവർ കേൾക്കുന്നതിനേക്കാളും കൂടുതൽ നിങ്ങൾക്കു കേൾക്കാൻ സാധിക്കുകയില്ല. അതായത് നിങ്ങളുടെ പര്യവസാനം എങ്ങനെയായി എന്ന കാര്യം അല്ലാഹു അവരിലേക്ക് എത്തിച്ചു കൊടുക്കുന്നുണ്ട്.'(സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി, ബാബു ഖതല അബീ ജഹ്ൽ ഹദീഥ് 3976)

ഹദ്‌റത്ത് അനസ്(റ) വിവരിക്കുന്നു: ഉഹുദ് യുദ്ധത്തിൽ ആളുകൾ പരാജയപ്പെട്ട് പിൻവാങ്ങിയതിനുശേഷം നബി(സ)തിരുമേനിയിൽ നിന്ന് അകന്നു. ഹദ്‌റത്ത് അബൂത്വൽഹ(റ) നബി(സ)തിരുമേനിയുടെ മുമ്പിൽതന്നെ തന്റെ പരിചയുടെ മറവിൽ നിന്നു. ഹദ്‌റത്ത് അബൂത്വൽഹ(റ) വളരെ ശക്തമായി വില്ല് കുലയ്ക്കുന്നയാളായി രുന്നു. അന്നേ ദിവസം അദ്ദേഹം രണ്ടോ മൂന്നോ വില്ലുകൾ ഒടിക്കുകയുണ്ടായി. അതായത് എത്രശക്തമായി വില്ല് വലിച്ചുവെ

ന്നാൽ അത് പൊട്ടിപ്പോകുമായിരുന്നു. തന്റെ മുമ്പിലൂടെ ആരെങ്കിലും ആവ നാഴിയുമായി പോകുന്നതു കാണുമ്പോൾ നബി(സ)തിരുമേനി അബൂ ത്വൽഹയ്ക്കു അത് എറിഞ്ഞുകൊടുക്കുക എന്ന് പറയുമായിരുന്നു. അതായത് ഇദ്ദേഹം നല്ലനിലയിൽ അമ്പെയ്യുന്ന ആളാണെന്ന് മറ്റുള്ളവരേയും ഉപദേശിക്കുമായിരുന്നു; നിങ്ങളുടെ അമ്പും അദ്ദേഹത്തിന് നല്കുക! ഇദ്ദേഹം ആ നേരത്ത് നബി(സ) തിരുമേനിയുടെ മുമ്പിൽ നില്ക്കുകയായിരുന്നു. ഹദറത്ത് അനസ്(റ) പറയുമായിരുന്നു: 'നബി(സ)തിരുമേനി ശിരസ്സുയർത്തി ആളുകളെ നോക്കാൻ ശ്രമിക്കുമ്പോൾ അബൂത്വൽഹ പറയുമായിരുന്നു: *ബി അബീ അൻത വ ഉമ്മീ യാ റസൂലല്ലാഹ്! ലാ യുസ്വീബുക്ക സഹ്മുൻ, ന ഹ്‌രീ ദൂന നഹ്‌രിക്ക* എന്റെ മാതാപിതാക്കൾ അങ്ങയിൽ തെണ്ടമാണ്! അങ്ങ് തലയുയർത്തി നോക്കാതിരുന്നാലും. അവരുടെ അമ്പുകളിൽ ഏതെങ്കിലുമൊന്ന് അങ്ങയ്ക്കേൽക്കാനിടയുണ്ട്. അങ്ങയുടെ തിരുനെഞ്ചിനു മുമ്പിൽ എന്റെ നെഞ്ചുണ്ട്.'(സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി, ഹദീഥ് 4064)(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, വാള്യം 3, പേജ് 384–385, ദാറുൽകുതുബുൽ ഇൽമിയ്യാ ബേറൂത്ത് ലബ്നാൻ 1990)

ഹദ്റത്ത് അനസ് ബിൻ മാലിക് വിവരിക്കുന്നു: ഹദ്റത്ത് അബൂത്വൽഹ(റ)ഒരേയൊരു പരിച കൊണ്ട് നബി(സ)തിരുമേനിയെ സംരക്ഷിച്ചിരുന്നു. ഹദ്റത്ത് അബൂത്വൽഹ നല്ല അമ്പെയ്ത്തുകാരനായിരുന്നു. അദ്ദേഹം അമ്പെയ്യുമ്പോൾ നബി(സ)തിരുമേനി എത്തിനോക്കുമായിരുന്നു. അദ്ദേഹത്തിന്റെ അമ്പ് പതിയുന്ന സ്ഥലം നോക്കുമായിരുന്നു. ഇത് ബുഖാരിയുടെ നിവേദനമാണ്. ആദ്യത്തേതും ബുഖാരിയിലേതുതന്നെയാണ്.(സ്വഹീഹുൽബുഖാരി കിതാബുൽ ജിഹാദ് വസ്സയ്ർ ഹദീഥ് 2902)

ഉഹുദു യുദ്ധത്തിൽ അബൂത്വൽഹയുടെ ഈ കവിത ചൊല്ലിയതിനെ കുറിച്ചും പറയുന്നുണ്ട്:

*വജ്ഹീ ലിവജ്ഹിക്കൽ വിഖാഉ*
*വനഫ്സീ ലിനഫ്സിക്കൽഫിദാഉ*

എന്റെ മുഖം അങ്ങയുടെ മുഖം രക്ഷിക്കാനുള്ളതാണ്. അങ്ങയുടെ ജീവനുവേണ്ടിയിതാ! എന്റെ ജീവൻ ബലിയാണ്.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 4, മുസ്നദ് അനസ് ബിൻ മാലിക്, ഹദീഥ് 13781, ആലമുൽകുതുബ് ബേറൂത്ത് ലബ്നാൻ 1998)

ഹദ്റത്ത് അനസ് ബിൻ മാലിക്(റ)ൽനിന്ന് നിവേദനം: നബി(സ)തിരുമേനി അബൂത്വൽഹയോടു പറഞ്ഞു. എനിക്ക് പരിചാരകനാക്കുവാൻ നിങ്ങളുടെ കുട്ടികളിൽനിന്ന് ഒരു കുട്ടിയെ അന്വേഷിക്കുക. ഞാൻ ഖയ്ബറിലേക്ക് പുറപ്പെടുന്നതുവരെ. അങ്ങനെ അബൂത്വൽഹ(റ) എന്നെ അദ്ദേഹത്തിന്റെ പിന്നിൽ ഇരുത്തി നബിയുടെ അടുക്കലേക്ക് കൊണ്ടുപോയി. അന്ന് ഞാൻ പ്രായപൂർത്തിയോടു അടുക്കാറായിരുന്നു. നബി(സ)തിരുമേനി വാഹനത്തിൽ നിന്നിറങ്ങുമ്പോൾ ഞാൻ അദ്ദേഹത്തിന് സേവനം ചെയ്യാറുണ്ടായിരുന്നു. അല്ലാഹുവേ! മാനസിക വേദന, ദുഃഖം, അലസത, ദുർബലത, പിശുക്ക്, ഭീരുത്വം, കടംവീട്ടുന്നതിന്റെ ഭാരം, ആളുകളുടെ കാഠിന്യത്തോടെയുള്ള പെരുമാറ്റം എന്നിവയിൽനിന്ന് ഞാൻ നിന്നോടു രക്ഷതേടുന്നുവെന്ന് നബി(സ)തിരുമേനി കൂടുതലായി പ്രാർത്ഥിക്കുന്നത് ഞാൻ കേൾക്കുകയുണ്ടായി. (സ്വഹീഹുൽ ബുഖാരി, കിതാബുൽ ജിഹാദ് വസ്സയ്ർ ഹദീഥ് 2893)

മറ്റൊരു നിവേദനത്തിൽ ഇങ്ങനേയും വന്നിട്ടുണ്ട്. ഇത് ഹദ്റത്ത് അനസിന്റെ നിവേദനമാണ്. ആദ്യത്തേതും ബുഖാരിയിലേതുതന്നെയായിരുന്നു. ഇതും ബുഖാരിയിലേതുതന്നെയാണ്. ഹദ്റത്ത് അനസ് വിവരിക്കുന്നു: നബി(സ) തിരുമേനി മദീനയിലെത്തിയപ്പോൾ സേവകർ ആരും ഉണ്ടായിരുന്നില്ല. ഹദ്റത്ത് അബൂത്വൽഹ(റ) എന്റെ കൈപിടിച്ചു. നബി(സ) തിരുമേനിയുടെ അടുത്തു കൊണ്ടുപോയി. എന്നിട്ടു പറഞ്ഞു: യാ റസൂലല്ലാഹ്! അനസ് വിവേകമുള്ള കുട്ടിയാണ്. ഇവൻ താങ്കളെ സേവിക്കുന്നതാണ്. ഹദ്റത്ത് അനസ്(റ) പറയുന്നു: ഞാൻ യാത്രയിലും അല്ലാത്തപ്പോഴും നബി(സ)തിരുമേനിയെ സേവിച്ചു. എന്തു ജോലി ചെയ്താലും ഇതെന്തിനാണ് ഇങ്ങനെ ചെയ്തതെന്ന് എന്നോടു ഒരിക്കലും ചോദിച്ചിട്ടില്ല. ഞാൻ ചെയിതിട്ടില്ലാത്ത ജോലിയെ കുറിച്ച് നീ അത് എന്തുകൊണ്ട് ഇങ്ങനെ ചെയ്തില്ല എന്നും ചോദിച്ചിട്ടില്ല. അതായത് ഒരിക്കലും വിധിവിലക്ക് ചെയ്തിരുന്നില്ല. (സ്വഹീഹ് ബുഖാരി, കിതാബുൽ വസ്വായ, ഹദീഥ് 2768)

ഹദ്റത്ത് അനസ് ബിൻ മാലിക്(റ) വിവരിക്കുന്നു: ഞങ്ങൾ നബി(സ)തിരുമേനിയുടെ ഒപ്പമുണ്ടായിരുന്നു. അവിടന്ന് ഉസ്ഫാനിൽ നിന്ന്(ഉസ്ഫാൻ മക്കയുടേയും മദീനയുടേയും ഇടയിലുള്ള സ്ഥലത്തിന്റെ പേരാണ്) തിരിച്ചു. നബി(സ)തിരുമേനി തന്റെ ഒട്ടകപ്പുറത്ത് യാത്ര ചെയ്യുകയായിരുന്നു. അവിടന്ന് ഹദ്റത്ത് സ്വഫിയാ ബിൻത് ഹുയയ്യിനെ പിന്നിൽ ഇരുത്തിയിരുന്നു. അവരുടെ ഒട്ടകം മുട്ടുകുത്തുകയും രണ്ടു പേരും താഴെ വീഴുകയും ചെയ്തു. ഹദ്റത്ത് ത്വൽഹ(റ) ഉടനെ ഒട്ടകപ്പുറത്തുനിന്ന് ചാടി. എന്നിട്ടു പറഞ്ഞു: 'യാ റസൂലല്ലാഹ്!ഞാൻ അങ്ങയിൽ ബലിയാണ്! അവിടന്ന് പറഞ്ഞു: ആദ്യം സ്ത്രീയുടെ വിവരം അന്വേഷിക്കുക.

ഹദ്റത്ത് അബൂത്വൽഹ തന്റെ മുഖത്ത് തുണിയിട്ടു. ഹദ്റത്ത് സ്വഫിയായുടെ അടുത്തു വന്നു. അതായത് അദ്ദേഹത്തിന് പർദയുടെ അത്രമാത്രം ചിന്തയുണ്ടായിരുന്നു. ഹദ്റത്ത് അബൂത്വൽഹ(റ) അവരിരുടെയും യാത്രാവാഹനം സജ്ജമാക്കി. അങ്ങനെ അവർ അതിൽ യാത്ര തുടർന്നു. നബി(സ)തിരുമേനി മദീനയിലെത്തുന്നതുവരെ ഞങ്ങൾ തിരുമേനിക്കു ചുറ്റും വലയം തീർത്തു. മദീനയുടെ ഉയർന്ന സ്ഥലത്ത് ഞങ്ങളെത്തിയപ്പോൾ നബി(സ) തിരുമേനി പറഞ്ഞു. *അഇബൂന താഇബൂന ആബിദൂന ലിറബ്ബിനാ ഹാമിദൂൻ* ഞങ്ങൾ തിരിച്ചുവരുന്നവരാണ് ഞങ്ങൾ ഞങ്ങളുടെ റബ്ബിന്റെ സന്നിധിയിൽ തൗബ ചെയ്യുന്നവരാണ്. ഞങ്ങളുടെ റബ്ബിനെ ആരാധിക്കുന്നവരാണ്, ഞങ്ങളുടെ റബ്ബിനെ സ്തുതിക്കുന്നവരുമാണ്.

മദീനയിൽ പ്രവേശിക്കുന്നതുവരെ നബി(സ) തിരുമേനി ഈ വാക്യങ്ങൾ ചൊല്ലിക്കൊണ്ടിരുന്നു. (സ്വഹീഹുൽ ബുഖാരി, കിതാബുൽ ജിഹാദ് വസ്സയ്ർ, ഹദീഥ് 3085) (ലുഗാത്തുൽ ഹദീഥ്, വാള്യം 3, പേജ് 172, അല്ലാമ വഹീദുസ്സമാൻ നുഅ്മാനീ കുതുബ് ഖാന ലാഹോർ 2005)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ സംഭവം പരാമർശിച്ചുകൊണ്ടു പറയുന്നു: "ഒരിക്കൽ നബി(സ)തിരുമേനി ഖയ്ബർ യുദ്ധത്തിൽനിന്ന് മടങ്ങിവരികയായിരുന്നു. നബിയുടെ ഭാര്യ സ്വഫിയായും കൂടെയുണ്ടായിരുന്നു. വഴിയിൽ നിന്ന് ഒട്ടകം വിരണ്ടു. നബിയും സ്വഫിയായും താഴെ വീണു. ഹദ്റത്ത് അബൂത്വൽഹ അൻസ്വാരിയുടെ ഒട്ടകം നബി(സ)തിരുമേനിയുടെ പിന്നാലെതന്നെ ഉണ്ടായിരുന്നു. അദ്ദേഹം പെട്ടെന്ന് ഒട്ടകത്തിൽനിന്ന് ചാടി ഇറങ്ങി നബിയുടെ അടുത്തെത്തി. പറഞ്ഞു: 'യാ റസൂലല്ലാഹ്! എന്റെ ജീവൻ അങ്ങയ്ക്ക് ബലിയാണ്. അങ്ങയ്ക്ക് മുറിവൊന്നും പറ്റിയില്ലല്ലോ? അബൂത്വൽഹ(റ), നബി(സ) തിരുമേനിയുടെ അടുത്തെത്തിയപ്പോൾ അവിടന്ന് പറഞ്ഞു. അബൂൽത്വൽഹാ! ആദ്യം സ്ത്രീയുടെ അടുത്ത് പോകുക. സ്ത്രീയുടെ അടുത്തു പോകുക. രണ്ടുവട്ടം പറഞ്ഞു. അദ്ദേഹം നബി(സ)തിരുമേനിയുടെ പ്രേമിയായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു. ഹദ്റത്ത് അബൂത്വൽഹ(റ) നബി(സ)തിരുമേനിയുടെ പ്രേമിയായിരുന്നു. അവിടത്തെ ജീവന്റെ പ്രശ്നം വന്നപ്പോൾ മറ്റു കേസുകളൊന്നും അദ്ദേഹം കണ്ടില്ല. എന്നാൽ നബി(സ) തിരുമേനി പറഞ്ഞു: 'പോകൂ! ആദ്യം സ്ത്രീയെ എഴുന്നേല്പിക്കുക.' (ഉസ്‌വയെ ഹസ്ന, അൻവാറുൽ ഉലൂം വാള്യം 17, പേജ് 126–127)

ഈ സംഭവം ആ മഹാത്മാവ് പറഞ്ഞത്, സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ച് വിവരിക്കുമ്പോഴായിരുന്നു.

ഹദ്റത്ത് അനസ്(റ) വിവരിക്കുന്നു: നബി(സ) തിരുമേനി ഖയ്ബറിനുമേൽ ആക്രമണം നടത്തിയപ്പോൾ ഞങ്ങൾ അതിന്റെ സമീപത്തുപോയി സുബ്ഹി നമസ്കരിച്ചു. അപ്പോൾ ഇരുട്ട് മാറിയിട്ടുണ്ടായിരുന്നില്ല. തുടർന്ന് നബി(സ)തിരുമേനി യാത്ര തുടർന്നു. അബൂത്വൽഹയും യാത്രയായി. ഞാനും ഹദ്റത്ത് അബൂത്വൽഹായുടെ പിന്നിലിരിപ്പുണ്ടായിരുന്നു. നബി(സ)തിരുമേനി തന്റെ വാഹനത്തെ ഖയ്ബർ പട്ടണത്തിലെ തെരുവിലേക്ക് നയിച്ചു. അന്നേരം എന്റെ കാലിന്റെ മുട്ട് നബി(സ)തിരുമേനിയുടെ തുടയിന്മേൽ തട്ടുന്നുണ്ടായിരുന്നു. ഇരുവരും അത്ര അടുത്തടുത്തായിരുന്നു. പിന്നീട് നബി(സ)തിരുമേനി ചൂടു കാരണത്താലോ മറ്റോ തന്റെ അടുക്കൽ നിന്ന് വസ്ത്രം നീക്കി. അങ്ങനെ നബി(സ)തിരുമേനിയുടെ തുടയുടെ വെളുപ്പ് ഞാൻ കണ്ടുകൊണ്ടിരുന്നു. അവസാനം പട്ടണത്തിൽ പ്രവേശിച്ചു കഴിഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു: *യാ അല്ലാഹു അക്ബർ! ഖരിബത്ത് ഖയ്ബറു. ഇന്നാ ഇദാ നസൽനാ ബിസാഹത്തി ഖൗമിൻ ഫസാഅ സ്വബാഹുൽമുൻദരീൻ* അല്ലാഹു ഏറ്റവും മഹാനാണ്. ഖയ്ബർ ഇതാ നശിച്ചുകഴിഞ്ഞു. ഒരു ജനതയുടെ മുറ്റത്ത് നാം ഇറങ്ങിക്കഴിഞ്ഞാൽ താക്കീത് നൽകപ്പെട്ടുകൊണ്ടിരിക്കുന്നവരുടെ പ്രഭാതം വളരെ അശുഭകരം. ഇതു നബി(സ) തിരുമേനി മൂന്നുപ്രാവശ്യം ആവർത്തിച്ചു.

---

**'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**"വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."**
**(ജുമുഅ ഖുത്ബ 25–7–2014)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

ഹദ്റത്ത് അനസ് പറയുന്നു: അവിടുത്തെ ജനത അവരുടെ ജോലികൾക്കുവേണ്ടി പുറത്തിറങ്ങിയപ്പോൾ അവർ വിളിച്ചുപറഞ്ഞു. ഇതാ മുഹമ്മദും പട്ടാളവും! അബ്ദുൽ അസീസ് പറയാറുണ്ടായിരുന്നു. ഞങ്ങളുടെ ചില കൂട്ടുകാർ മുഹമ്മദ്(സ)നോടൊപ്പം ഖുമയ്സ് എന്ന പദവും പറഞ്ഞിരുന്നു. അതായത് പട്ടാളം. ഹദ്റത്ത് അനസ് പറയുന്നു: അവസാനം ഞങ്ങൾ പോരാടി ഖയ്ബർ ജയിച്ചടക്കി. എന്നിട്ട് യുദ്ധത്തടവുകാരെയെല്ലാം ഒരു സ്ഥലത്ത് ഒരുമിച്ചുകൂട്ടി. അപ്പോൾ ദിഹ്യത്തുൽകൽബി(റ) വന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ പ്രവാചകരേ! ഈ യുദ്ധത്തടവുകാരിൽനിന്ന് ഒരു പെൺകുട്ടിയെ എനിക്ക് തരിക.' പോയി ഒരു പെൺകുട്ടിയെ എടുത്തുകൊള്ളാൻ നബി(സ)തിരുമേനി പറഞ്ഞു. അപ്പോൾ ഹുമയ്യിന്റെ പുത്രി സഫിയ്യായെയാണ് അദ്ദേഹം ഏറ്റെടുത്തത്. ഉടനെ ഒരാൾ നബി(സ)തിരുമേനിയുടെ അടുക്കൽവന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഖുറയ്ള, നളീർ എന്നീ രണ്ടു ഗോത്രത്തിൽ ഉന്നതസ്ഥാനത്തിരിക്കുന്ന മഹതിയെ ദിഹ്യത്തിന് ഏല്പിച്ചു കൊടുക്കുകയാണോ? യഥാർഥത്തിൽ അവർ താങ്കൾക്കല്ലാതെ മറ്റാർക്കും അനുയോജ്യമാവുകയില്ല. നബി(സ)തിരുമേനി പറഞ്ഞു: അവളേയുമായി ദിഹ്യത്തിനോടു വരാൻ പറയൂ. ദിഹ്യത്തു അവളുമായി വന്നു. നബി(സ)തിരുമേനി അവളുടെ നേരെ നോക്കിക്കൊണ്ടു പറഞ്ഞു. നീ യുദ്ധത്തടവുകാരിൽനിന്ന് മറ്റൊരു പെൺകുട്ടിയെ ഏറ്റുവാങ്ങിക്കൊള്ളുക. എന്നിട്ട് നബി(സ)തിരുമേനി അവളെ ബന്ധനവിമുക്തയാക്കിയിട്ട് (അടിമത്വത്തിൽനിന്ന് മോചിപ്പിച്ചു) വിവാഹം ചെയ്തു. അപ്പോൾ ഹദ്റത്ത് ഥാബിത്(റ) ഹദ്റത്ത് അനസിനോടു ചോദിച്ചു: അബൂഹംസേ നബി(സ) തിരുമേനി അവർക്ക് എന്തു മഹ്റാണ് നല്കിയത്? അവളെ അടിമത്വത്തിൽനിന്ന് മോചിപ്പിച്ചത് അവളുടെ മഹ്റായി നിശ്ചയിക്കുകയായിരുന്നു. അങ്ങനെ യാത്രാമദ്ധ്യത്തിൽ നബി(സ) തിരുമേനിയോടൊപ്പം വീട്ടിൽ പോകാൻ വേണ്ടി ഹദ്റത്ത് ഉമ്മു സുലയിം, സ്വഫിയായെ അണിയിച്ചൊരുക്കി. എന്നിട്ട് രാത്രി സ്വഫിയായെ നബി(സ)തിരുമേനിക്ക് ഏല്പിച്ചുകൊടുത്തു. നബി(സ)തിരുമേനി പ്രഭാതത്തിൽ പറഞ്ഞു: വല്ലവരുടേയും പക്കൽ ആഹാരസാധനങ്ങൾ വല്ലതുമുണ്ടെങ്കിൽ അവരതു കൊണ്ടുവരട്ടെ. എന്നിട്ട് അവിടന്ന് തോലിന്റെ ഒരു സുപ്ര അവിടെ വിരിച്ചു. ഉടനെ ചിലർ ഈന്തപ്പഴം കൊണ്ടുവരാൻ തുടങ്ങി. ചിലർ നെയ്യും. അബ്ദുൽ അസീസ് പറയുന്നു: അദ്ദേഹം ഗോതമ്പ് വറുത്തുപൊടിച്ചതും കൊണ്ടുവന്നുവെന്ന് അനസ് പറഞ്ഞതായി ഞാൻ ഓർക്കുന്നു. എന്നിട്ടതെല്ലാം കൂട്ടിക്കുഴച്ചു. അതായിരുന്നു നബി(സ) തിരുമേനിയുടെ വലീമ അഥവാ വിവാഹസൽക്കാരം. (സ്വഹീഹുൽ ബുഖാരി, കിതാബുസ്സ്വലാത്ത്, ഹദീഥ് 371)

മറ്റൊരു നിവേദനത്തിൽ ഇങ്ങനേയും വന്നിട്ടുണ്ട്. കോട്ടയെ കീഴടക്കിയതിനുശേഷം ഹദ്റത്ത് സ്വഫിയ്യ, ദിഹ്യത്തിന്റെ ഓഹരിയിൽ വന്നു. ആദരണീയരായ സ്വഹാബ, ധാരാളം സ്വഹാബിമാർ ഒരു സ്വഹാബിയല്ല നിരവധി സ്വഹാബിമാർ നബി(സ)തിരുമേനിയുടെ അടുത്തുവന്നു. അവരെക്കുറിച്ച് സ്തുതിക്കാനും വാഴ്ത്താനും തുടങ്ങി. ഇങ്ങനെയും അവർ പറഞ്ഞു. നിലയുടേയും സ്ഥാനത്തിന്റേയും അടിസ്ഥാനത്തിൽ ഹദ്റത്ത് സ്വഫിയ്യായ്ക്ക് കൂടുതൽ ചേർന്നത് അങ്ങയ്ക്കുവേണ്ടി അവരെ തിരഞ്ഞെടുക്കുക എന്നതാണ്. അങ്ങ് അവരെ വിവാഹം കഴിക്കുക. അങ്ങനെ നബി(സ)തിരുമേനി ദിഹ്യത്തിന് സന്ദേശം അയച്ചു. നബി(സ)തിരുമേനി ഏഴു അടിമകൾക്കു പകരം ഹദ്റത്ത് സ്വഫിയ്യായെ വിലക്കുവാങ്ങി അവരെ ഉമ്മു സുലയിമിന് ഏല്പിച്ചുകൊടുത്തു; അവരെ കൂടെ പാർപ്പിക്കാൻ. പിന്നീട് മുകളിൽ പറഞ്ഞതുപോലെ നബി(സ) തിരുമേനി അവരെ വിവാഹം കഴിച്ചു. (അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, വാള്യം 8, പേജ് 97–98 ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 1990)

ഹദ്റത്ത് അനസ്ബിൻ മാലിക്(റ) നിവേദനം: ഹുനയ്ൻ ദിവസം നബി(സ) തിരുമേനി പറഞ്ഞു: ഏതെങ്കിലും കാഫിറിനെ വധിക്കുന്നയാൾക്ക് ആ കാഫിറിന്റെ സ്വത്തും സാധനങ്ങളും ലഭിക്കുന്നതാണ്. ആ ദിവസം ഹദ്റത്ത് അബൂത്വൽഹ ഇരുപത് കാഫിറിനെ വധിക്കുകയും അവരുടെ സാധനസാമഗ്രികൾ കരസ്ഥമാക്കുകയും ചെയ്തു. ഹദ്റത്ത് അബൂത്വൽഹ, ഹദ്റത്ത് ഉമ്മു സുലയ്മിന്റെ കൈയിൽ ഒരു കഠാര കണ്ടു. ഉമ്മു സുലയ്മേ ഇതെന്താണെന്ന് അദ്ദേഹം ചേദിച്ചു. അവർ പറഞ്ഞു: അല്ലാഹുവാണ! ഏതെങ്കിലും കാഫിർ എന്റെയടുക്കൽ വന്നാൽ ഈ കഠാര ഉപയോഗിച്ചു അയാളുടെ വയർ കുത്തിക്കീറണമെന്നാണ് എന്റെ തീരുമാനം. നബി(സ) തിരുമേനിയോട് അദ്ദേഹം ഇക്കാര്യം പറയുകയും ചെയ്തു. ഇത് സുനൻ അബൂദാവൂദിലുള്ള നിവേദനമാണ് (സുനൻ അബൂദാവൂദ് കിതാബുൽജിഹാദ്, ഹദീഥ് 2718)

ഹദ്റത്ത് അനസ്(റ) നിവേദനം: നബി(സ) തിരുമേനി പറഞ്ഞു: ഒരു സംഘം ആളുകൾക്കിടയിലും അബൂത്വൽഹയുടെ ശബ്ദം ഗാംഭീര്യമുള്ളതായിരുന്നു. ചില നിവേദനങ്ങളിൽ നൂറു പേരുടെ അല്ലെങ്കിൽ ആയിരം ആളുകളുടെ എന്നെല്ലാമുണ്ട്. അതായത് അദ്ദേഹത്തിന്റേത് വളരെ ഉയർന്ന ശബ്ദമായിരുന്നു.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 4, പേജ് 286, മുസ്നദ് അനസ് ബിൻ മാലിക്ക്(റ), ഹദീഥ് 12119, ആലമുൽ കുതുബ് ബേറൂത്ത് ലബ്നാൻ 1998)(അൽ ഇസ്തീആബ് ഫീ മഅ്രിഫത്തിൽഅസ്ഹാബ് വാള്യം 4, പേജ് 261, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2010)(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് വാള്യം 3, പേജ് 383, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 1990)

ഹിജ്‌രി 34 നു മദീനയിൽവെച്ച് ഹദ്റത്ത് അബൂത്വൽഹ(റ) വഫാത്തായി. ഹദ്റത്ത് ഉഥ്മാൻ(റ) അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. മരണസമയത്ത് അദ്ദേഹത്തിന് എഴുപത് വയസ്സായിരുന്നു. ബസ്രക്കാരുടെ അഭിപ്രായത്തിൽ ഒരു സമുദ്രയാത്രയ്ക്കിടെയാണ് അദ്ദേഹം വഫാത്തായത്. അങ്ങനെ ഒരു ദ്വീപിൽ അദ്ദേഹത്തെ മറയടക്കുകയും ചെയ്തു.(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് വാള്യം 3, പേജ് 385, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 1990)

ഹദ്റത്ത് അനസ് നിവേദനം ചെയ്യുന്നു: നബി(സ)തിരുമേനിയുടെ കാലത്ത് ഹദ്റത്ത് അബൂത്വൽഹ(റ) ജിഹാദ് കാരണത്താൽ ശക്തി ക്ഷയിച്ചുപോകാതിരിക്കാൻ നഫ്ൽ നോമ്പുകൾ അനുഷ്ഠിക്കാറുണ്ടായിരുന്നില്ല. ഹദ്റത്ത് അനസ് വീണ്ടും പറയുന്നു: നബി(സ)തിരുമേനി വഫാത്തായപ്പോൾ പിന്നെ ചെറിയ പെരുന്നാളിനും ബലിപെരുന്നാളിനുമല്ലാതെ മറ്റൊരിക്കലും നോമ്പുകാരനല്ലാത്ത സ്ഥിതിയിൽ ഞാൻ അദ്ദേഹത്തെ കണ്ടിട്ടുമില്ല. അതിനുശേഷം അദ്ദേഹം സ്ഥിരമായി നോമ്പെടുക്കാൻ തുടങ്ങി.(സ്വഹീഹുൽബുഖാരി, കിതാബുൽജിഹാദ് വസ്സയ്ർ, ഹദീഥ് 2828)

ഹദ്റത്ത് അബൂത്വൽഹയുടെ അതിഥിസൽക്കാരത്തെക്കുറിച്ചുള്ള ഒരു സംഭവം ഇങ്ങനെ ലഭിക്കുന്നുണ്ട്: ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം: 'ഒരാൾ നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു. അവിടന്ന് തന്റെ ഭാര്യമാരുടെ അടുക്കൽ വിവരം അന്വേഷിക്കാൻ ആരെയോ അയച്ചു. വെള്ളമല്ലാതെ മറ്റൊന്നുമില്ലെന്ന് അവർ അറയിച്ചു. നബി(സ)തിരുമേനി ചോദിച്ചു: ഈ അതിഥിയെ തന്നോടൊപ്പം പാർപിക്കാൻ ആരാണുള്ളത്? അല്ലെങ്കിൽ ചോദിച്ചു: ഇദ്ദേഹത്തെ ആരാണ് അതിഥിയായി താമസിപ്പിക്കുക? അൻസ്വാറിൽപ്പെട്ട ഒരാൾ പറഞ്ഞു:'ഞാൻ.'(അബൂത്വൽഹ) അങ്ങനെ അദ്ദേഹം തന്റെ ഭാര്യയുടെ അടുത്ത് അദ്ദേഹത്തെ കൊണ്ടുപോയി. തന്റെ ഭാര്യയോടു പറഞ്ഞു: നബി(സ)തിരുമേനിയുടെ അതിഥിയെ നല്ല പോലെ സൽക്കരിക്കുക. ഭാര്യ പറഞ്ഞു: നമ്മുടെ കൈയിൽ ഒന്നുംതന്നെയില്ല. എനിക്കും കുട്ടികൾക്കും കഷ്ടിച്ച് കഴിക്കാനുള്ളത് മാത്രമെയുള്ളു. അദ്ദേഹം പറഞ്ഞു, ഉള്ളത് ശരിയാക്കുക. വിളക്കും കത്തിക്കുക. പിന്നീട് കുട്ടികൾ വൈകുന്നേരത്തെ ഭക്ഷണം ചോദിക്കുമ്പോൾ അവരെ ഉറക്കുക. അങ്ങനെ അവർ ഭക്ഷണം തയ്യാറാക്കി. വിളക്കു കത്തിച്ചു. തങ്ങളുടെ കുട്ടികളെ ഉറക്കി. അതിനുശേഷം വിളക്കു ശരിയാക്കാൻ എന്നമട്ടിൽ അവർ എഴുന്നേറ്റു. അവർ വിളക്ക് അണച്ചു. തങ്ങളും ഭക്ഷണം കഴിക്കുന്നുണ്ടെന്ന് അതിഥി മനസ്സിലാക്കാൻ അവർ വെറുതെ ചവച്ചുകൊണ്ടിരുന്നു. എന്നാൽ, വെറും വയറോടെ അവരിരുവരും രാത്രി കഴിച്ചു കൂട്ടി. നേരം വെളുത്തപ്പോൾ നബി(സ)തിരുമേനിയുടെ അടുക്കലെത്തി. നബി(സ) തിരുമേനി പറഞ്ഞു: ഇന്നുരാത്രി നിങ്ങളുടെ അതിഥി സൽക്കാരം കണ്ട് അല്ലാഹുവും ചിരിച്ചു; പറഞ്ഞു: നിങ്ങളിരുവരുടേയും പ്രവൃത്തിയിൽ അല്ലാഹു വളരെ സന്തുഷ്ടനായി. അല്ലാഹു ഈ വഹ്യ് ഇറക്കി: *വ യുഅ്ഥിറൂന അലാ അൻഫുസിഹിം വലൗകാനബിഹിം ഖസ്വാസ്വത്തുൻ വമൻയ്യൂഖ ശുഹ്ഹ നഫ്സിഹീ ഫ ഉലാഇക്കഹുമുൽ മുഫ്‌ലിഹൂൻ*

അവർക്ക് ദാരിദ്ര്യമുണ്ടെങ്കിൽപോലും അവർ

**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്‌ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

ത്വാലിബെ ദുആ:
P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.

തങ്ങളെക്കാൾ മറ്റുള്ളവർക്ക് മുൻഗണന കല്പിക്കുമായിരുന്നു. വല്ലവരും തങ്ങളുടെ മനസ്സിന്റെ പിശുക്കിൽനിന്നു സുരക്ഷിതരായാൽ അവർ തന്നെയാണ് വിജയികൾ.(59:10) സ്വഹീഹുൽ ബുഖാരി, കിതാബുൽ മനാഖിബ് അൽഅൻസ്വാർ, ഹദീഥ് 3798)(ഉംദത്തുൽഖാരി ശറഹ് സ്വഹീഹുൽബുഖാരി കിതാബുൽമനാഖിബ് അൽ അൻസ്വാർ വാള്യം 16, പേജ് 364, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001)

ഹദ്റത്ത് അനസ് വിവരിക്കുന്നു: ഒരിക്കൽ നബി(സ)തിരുമേനി മുടി മുറിച്ചപ്പോൾ തിരുമേനിയുടെ മുടിയിൽനിന്ന് കുറച്ച് മുടി ആദ്യം എടുത്തത് ഹദ്റത്ത് അബൂത്വൽഹ(റ) ആയിരുന്നു.(സ്വഹീഹുൽബുഖാരി കിതാബുൽ വുളൂഇ, ഹദീഥ് 171).

ഹദ്റത്ത് അനസ് ബിൻ മാലിക്(റ) വിവരിച്ചു: ഹദ്റത്ത് അബൂത്വൽഹ(റ) ഹദ്റത്ത് ഉമ്മു സുലയിമിനോടു പറഞ്ഞു. ഞാൻ നബി(സ) തിരുമേനിയുടെ ശബ്ദം ക്ഷീണിച്ചനിലയിൽ കേട്ടു. അദ്ദേഹത്തിന് വിശക്കുന്നുണ്ടാകുമെന്ന് ഞാൻ മനസ്സിലാക്കുന്നു. നിന്റെ കൈയിൽ കഴിക്കാനെന്തെങ്കിലുമുണ്ടോ? ഹദ്റത്ത് ഉമ്മു സുലയിം പറഞ്ഞു: ഉണ്ട്. അവർ യവത്തിന്റെ കുറച്ചുറൊട്ടികൾ എടുത്തുകൊണ്ടുവന്നു. പിന്നീട് അദ്ദേഹം തന്റെ ഒരു പുതപ്പെടുത്തു. അദ്ദേഹം റൊട്ടി അതിന്റെ ഒരു വശത്തു പൊതിഞ്ഞു. അതെന്റെ കൈയിൽത്തന്നു. പുതപ്പിന്റെ കുറച്ചുഭാഗം എന്റെ ശരീരത്തിലും പൊതിഞ്ഞു. പിന്നീട് നബി(സ) തിരുമേനിയുടെ അടുത്തേക്ക് എന്നെ അയച്ചു. ഹദ്റത്ത് അനസ് പറയുന്നു: ഞാനതുമായി പോയി. നബി(സ) തിരുമേനിയെ മസ്ജിദിൽ കണ്ടു. അദ്ദേഹത്തോടൊപ്പം കുറച്ചാളുകളും ഉണ്ടായിരുന്നു. ഞാൻ അടുത്തുനിന്നു; അബൂത്വൽഹ നിന്നെ അയച്ചതാണോ എന്നു നബി(സ)തിരുമേനി ചോദിച്ചു. അതെ എന്ന് ഞാൻ പറഞ്ഞു. നബി(സ)തിരുമേനി അവിടെയുണ്ടായിരുന്നവരോടു പറഞ്ഞു. എഴുന്നേല്ക്കുക. പോകാം. ഭക്ഷണം വാങ്ങാതെ എന്നേയും നബി(സ)തിരുമേനി കൂടെ കൂട്ടി. ഞാൻ ഭക്ഷണവുമായി നബി(സ)തിരുമേനിയുടെ കൂടെപോയി. ഞാൻ നബി(സ) തിരുമേനിയുടെ മുമ്പിൽ നടന്നു. ഹദ്റത്ത് അബൂത്വൽഹായുടെ അടുത്തെത്തി. അദ്ദേഹത്തോടു പറഞ്ഞു. നബി(സ)തിരുമേനി ഇങ്ങോട്ടു വരുന്നുണ്ട്. ഹദ്റത്ത് അബൂത്വൽഹ(റ) പറഞ്ഞു. ഉമ്മു സുലയിം നബി(സ) തിരുമേനി ആളുകളേയും കൂട്ടി വരുന്നുണ്ട്. നമ്മുടെ കൈയിൽ അവർക്ക് കൊടുക്കാവുന്നത്ര ഭക്ഷണമില്ല. കുറച്ചു റൊട്ടി ഉണ്ടായിരുന്നത് കൊടുത്തയച്ചിരുന്നു. അത് തിരിച്ചുകൊണ്ടുവന്നിട്ടുണ്ട്. അവർ പറഞ്ഞു. അല്ലാഹുവും അവന്റെ റസൂലുമാണ് നന്നായി അറിയുന്നവർ. ഹദ്റത്ത് അബൂത്വൽഹ പോയി, നബി(സ)തിരുമേനിയെ കണ്ടു. പിന്നീട് നബി(സ)തിരുമേനി വേഗം വേഗം വീട്ടിൽ നിന്നിറങ്ങി. ഹദ്റത്ത് അനസ് ആദ്യമേ എത്തിയിരുന്നു. നബി(സ)തിരുമേനി വന്നു. ഹദ്റത്ത് അബൂത്വൽഹ(റ) നബിയോടൊപ്പമുണ്ടായിരുന്നു. അവിടന്ന് പറഞ്ഞു. ഉമ്മു സുലയിമേ! എന്റെ അടുത്തു അത് കൊണ്ടുവരിക. അവർ റൊട്ടികൾ കൊണ്ടുവന്നു; നബി(സ)തിരുമേനി അത് മുറിച്ചിടാൻ പറഞ്ഞു. അങ്ങനെ മുറിച്ചിട്ടു. ഹദ്റത്ത് ഉമ്മു സുലയിം നെയ്യുടെ പാത്രം കൊണ്ടുവന്നു. കറി എന്ന നിലയിൽ അവരുടെ മുമ്പിൽവെച്ചു. പിന്നീട് നബി(സ)തിരുമേനി റൊട്ടികളുടെമേൽ ദുആ ചെയ്തു. അല്ലാഹു എന്താണോ ഇച്ഛിക്കുന്നത് ചെയ്യാൻ! പിന്നീട് അവിടന്ന് പറഞ്ഞു. പത്തുപേരോടു അകത്തു വരാൻ പറയുക. അവർ വയറു നിറയെ തിന്നു. പിന്നീട് വെളിയിൽ പോയി. പിന്നീട് 10 പേരെ അകത്തേക്കു വിളിച്ചു. അവരും വയർനിറയെ തിന്നു. പിന്നീട് വെളിയിൽപോയി. 10 പേരെ കൂടി വിളിക്കാൻ അവിടന്ന് പറഞ്ഞു. അവരും വയറുനിറയെ തിന്നു. 10 പേരെ കൂടി വിളിക്കാൻ അവിടന്ന്(സ) പറഞ്ഞു. അവരും വയറുനിറയെ തിന്നു. ചുരുക്കത്തിൽ അവരെല്ലാവരും വയറുനിറയെ തിന്നു. 70, 80 പേരുണ്ടായിരുന്നു അവർ. (സ്വഹീഹുൽ ബുഖാരി, കിതാബുൽ മനാഖിബ് ഹദീഥ് 3578)

നബി(സ) തിരുമേനിയുടെ ദുആയുടെ ബർക്കത്തുകളെ കുറിച്ചും ഇവിടെ വിവരം കിട്ടുന്നുണ്ട്. ഇതാണ് ആ നിവേദനം

ഹദ്റത്ത് അനസ് ബിൻ മാലിക്(റ) വിവരിക്കുന്നു: ഹദ്റത്ത് അബൂത്വൽഹക്ക് മദീനയിൽ മറ്റു അൻസ്വാറിനെക്കാളും കൂടുതൽ ഈന്തപ്പഴത്തോട്ടമുണ്ടായിരുന്നു. അദ്ദേഹത്തിന് ഏറ്റവും പ്രിയപ്പെട്ട തോട്ടം മസ്ജിദിനു മുമ്പിലുള്ള 'ബയ്റുഹാഅ്' എന്ന തോട്ടമായിരുന്നു. നബി(സ)തിരുമേനി അവിടെ വരികയും അവിടുത്തെ ശുദ്ധമായ വെള്ളം കുടിക്കുകയും ചെയ്യുമായിരുന്നു. ഹദ്റത്ത് അനസ്(റ) പറയാറുണ്ടായിരുന്നു: *ലൻതനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ* 'നിങ്ങൾ ഇഷ്ടപ്പെടുന്നതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ പരിപൂർണ നന്മ പ്രാപിക്കുകയില്ല എന്ന ആയത്ത് ഇറങ്ങിയപ്പോൾ ഹദ്റത്ത് ത്വൽഹ(റ) എഴുന്നേറ്റു നിന്നുകൊണ്ടു പറഞ്ഞു: *'യാ റസൂലല്ലാഹ്! ലൻതനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ* 'നിങ്ങൾ ഇഷ്ടപ്പെടുന്നതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ പരിപൂർണ നന്മ പ്രാപിക്കുകയില്ലെന്ന് അല്ലാഹു പറയുന്നു. എന്റെ സ്വത്തിൽ എനിക്കേറ്റവും പ്രിയപ്പെട്ടത് 'ബയ്റുഹാഅ്' എന്ന തോട്ടമാണ്. അതു അല്ലാഹുവിനുള്ള സ്വദഖയാണ്. ഇപ്പോൾ ഞാൻ അല്ലാഹുവിനുവേണ്ടി ദാനം ചെയ്യുകയാണ്. അല്ലാഹവിന്റെയടുക്കൽ സ്വീകാര്യമായ ഒരു നന്മയായിരിക്കുമെന്നും ഒരു നിക്ഷേപമായിരിക്കുമെന്നും ഞാൻ കരുതുന്നു. ആയതിനാൽ അല്ലാഹു നിർദേശിക്കുന്നിടത്ത് അങ്ങ് അത് ചെലവഴിച്ചുകൊള്ളുക.' അവിടന്ന് പറഞ്ഞു: 'ശാബാഷ്! ഇത് നല്ല ഫലം ചെയ്യുന്ന സ്വത്താകുന്നു. അല്ലെങ്കിൽ എന്നെന്നും നിലനിൽക്കുന്ന സ്വത്താകുന്നുവെന്ന് പറഞ്ഞു. താങ്കൾ പറയുന്നതു ഞാൻ കേട്ടിരിക്കുന്നു. താങ്കൾ ഇത് താങ്കളുടെ അടുത്ത ബന്ധുക്കൾക്കിടയിൽ വീതിച്ചു കൊടുക്കുന്നതാണ് നല്ലതെന്ന് ഞാൻ മനസ്സിലാക്കുന്നു. അബൂത്വൽഹ(റ) പറഞ്ഞു, യാ റസൂലല്ലാഹ്! അങ്ങയുടെ നിർദേശ പ്രകാരം അങ്ങനെതന്നെചെയ്യുകയാണ്. ഹദ്റത്ത് അബൂത്വൽഹ(റ) ആ തോട്ടം അടുത്ത ബന്ധുക്കൾക്കിടയിലും പിതൃസഹോദരന്റെ മക്കൾക്കിടയിലുമായി വിതരണം ചെയ്തു.(സ്വഹീഹുൽബുഖാരി, കിതാബുൽവസ്വായ, ഹദീഥ് 2769)

നബി(സ)തിരുമേനിയുടെ ഒരു മകൾ വഫാത്തായപ്പോൾ അവിടത്തെ നിർദേശമനുസരിച്ച് ഖബ്റിൽ ഇറങ്ങാനും നബി(സ)തിരുമേനിയുടെ മകളുടെ പരിശുദ്ധ ശരീരം ഖബ്റിൽ വെക്കാനുമുള്ള പ്രത്യേക സൗഭാഗ്യവും ഹദ്റത്ത് അബൂത്വൽഹക്കു ലഭിച്ചിട്ടുണ്ട്.(സ്വഹീഹുൽബുഖാരി, കിതാബുൽജനാഇസ്, ഹദീഥ് 1285).

ഹദ്റത്ത് അനസ് ബിൻ മാലിക്(റ) പറയുന്നു. ഒരു ദിവസം മദീനക്കാർ ഒന്നടങ്കം പരിഭ്രമിച്ചുപോയി. നബി(സ) തിരുമേനി ഹദ്റത്ത് അബൂത്വൽഹയുടെ കുതിരപ്പുറത്തു യാത്ര പോയി. അത് പതുക്കെയാണ് നടന്നിരുന്നത്. അല്ലെങ്കിൽ അതിന്റെ വേഗം കുറവാണെന്ന് പറഞ്ഞു. തിരിച്ചുവരുമ്പോൾ നബി(സ)തിരുമേനി അബൂത്വൽഹയോടു പറഞ്ഞു: നാം താങ്കളുടെ കുതിരയെ ഒരു നദിയായി കണ്ടു. വളരെ വേഗത്തിൽ നടന്നു. അതിനുശേഷം ആ കുതിരയെ വെല്ലാൻ ഒരു കുതിരയുമുണ്ടായിരുന്നില്ല. (സ്വഹീഹുൽ ബുഖാരി, കിതാബുൽ ജിഹാദ് വസ്സയ്ൻ, ഹദീഥ്, 2867)

ഹദ്റത്ത് അനസ്(റ) പറയുന്നു. നബി(സ) തിരുമേനി ഞങ്ങളുമായി ഇടപഴകുമായിരുന്നു. എന്റെ ചെറിയ സഹോദരനോടു തമാശയായി പറയും. അബൂ ഉമയ്റേ! നുഗയ്ർ എന്താണ് ചെയ്തത്. അബൂ ഉമയ്ർ ഒരു പക്ഷിയെ വളർത്തിയിരുന്നു. നുഗയ്ർ പക്ഷിക്കാണ് പറയുന്നത്. അത് ചത്തുപോയി. അപ്പോൾ അവന് വലിയ സങ്കടമായി. അത് പറന്നുപോകുകയോ ചത്തുപോകുകയോ ചെയ്തതാണ്. എന്തായാലും തമാശയായി അവനോടു ഇങ്ങനെ പറയുമായിരുന്നു. അക്കാരണത്താൽ ആ കുട്ടിയെ ശുണ്ഠിപിടിപ്പിക്കുമായിരുന്നു. മിക്കപ്പോഴും നബി(സ) തിരുമേനി ഞങ്ങളുടെ വീട്ടിൽ വരുമ്പോൾ അവിടന്ന് ഇരിക്കാറുള്ള കിടക്ക വിരിക്കാൻ പറയുമായിരുന്നു. അങ്ങനെ ഞങ്ങൾ അതു വിരിക്കുകയും വൃത്തിയാക്കുകയും ചെയ്യുമായിരുന്നു. പിന്നീട് അവിടന്ന് നമസ്കാരത്തിനു നില്ക്കും. ഞങ്ങളും അവിടത്തെ പിന്നിൽനിന്ന് നമസ്കരിക്കും. (സുനൻ ഇബ്നുമാജ, കിതാബുൽ അദബ്, ഹദീഥ് 3720) സ്വഹീഹുൽ ബുഖാരി കിതാബുൽ അദബ് ഹദീഥ് 6203)

ഹദ്റത്ത് അനസ് ബിൻ മാലിക്(റ) വിവരിക്കുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബൂത്വൽഹ അൻസ്വാരി ജനിച്ചപ്പോൾ –അദ്ദേഹത്തിന്റെ സഹോദരന്റെ–അബൂത്വൽഹായുടെ മകന്റെ, അദ്ദേഹം മാതാവിൽനിന്നുള്ള അദ്ദേഹത്തിന്റെ സഹോദരനാണ്– ഞാൻ അവനെയുംകൊണ്ട് നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. നബി(സ)തിരുമേനി അപ്പോൾ മേലങ്കിയണിഞ്ഞ് ഒട്ടകത്തിന് അടയാളമിടുകയായിരുന്നു. അവിടന്ന് ചോദിച്ചു: നിന്റെ കൈയിൽ ഈന്തപ്പഴമുണ്ടോ? 'ഉണ്ട്' എന്നു ഞാൻ പറഞ്ഞു. ഞാൻ കുറച്ച് ഈന്തപ്പഴം നബിതിരുമേനിക്കു നല്കി. അവിടന്ന് അത്

**ഹദീഥുന്നബ്വി (സ):**

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടിരുന്നു.' (ബുഖാരി, കിതാബുൽ വഹ്യ്, ഹദീഥ് നമ്പർ 3)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

**ഹദീസുന്നബ്വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.' (ബുഖാരി, കിതാബുൽ വഹ്യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

വായിലിട്ടു. നല്ലവണ്ണം ചവച്ചു. പിന്നീട് കുട്ടിയുടെ വായ തുറന്നു. അത് കുട്ടിയുടെ വായിലിട്ടു. കുട്ടി അത് നുണയാൻ തുടങ്ങി. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: അൻസ്വാറിന് ഈന്തപ്പഴത്തോടുള്ള സ്നേഹം! അതായത് കുട്ടിക്കും അത് ഇഷ്ടമായി. അവിടന്ന് ആ കുട്ടിക്ക് അബ്ദുല്ലാഹ് എന്ന് പേരിട്ടു. (സ്വഹീഹ് മുസ്‌ലിം, കിതാബുൽ ആദാബ്, ഹദീഥ് 2144)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ സംഭവം ഇങ്ങനെ പറയുന്നു: 'മുഅ്മിന്റെ ജീവൻ ത്യാഗം ചെയ്യുക എന്നത് വാസ്തവത്തിൽ ഒരു വസ്തുവും തന്നെയല്ല.' പിന്നീട് അവിടന്ന് പറയുന്നു: 'കവി ഗാലിബിനെ സംബന്ധിച്ച് ആളുകൾ ചർച്ചകൾ നടത്താറുണ്ട്; അദ്ദേഹം മദ്യപിക്കാറുണ്ടായിരുന്നുവെന്നും മറ്റും. എന്നാൽ, അദ്ദേഹം (റ) പറയുന്നു: ഇവർ എന്റെ ബന്ധുക്കളാണ്. ഞാനെന്റെ മാതാമഹയിൽനിന്നും പിതൃസഹോദരിമാരിൽനിന്നും കേട്ടിട്ടുണ്ട് അദ്ദേഹം മദ്യപിക്കാറുണ്ടായിരുന്നുവെന്ന്. അങ്ങനെ മദ്യപിക്കുന്ന ശീലമുള്ള ആളുപോലും പറയുന്നു:

*ജാൻ ദി ദി ഹുയി ഉസീകി ഥി*

*ഹഖ് തൊ യെ ഹെ കെ ഹഖ് അദാ നഹുവാ*

അതായത് നമ്മൾ അല്ലാഹുവിന്റെ വഴിയിൽ ജീവൻ നല്കിയാൽ എന്താകാനാണ്? ആ ജീവനും അവൻതന്നെ തന്നതായിരുന്നുവല്ലോ? അല്ലാഹുവിന്റെ കല്പന പാലിച്ചുകൊണ്ട് ഇനി ആരെങ്കിലും ജീവൻ ത്യാഗം ചെയ്താലും അയാൾ വലിയ ബലിയൊന്നുമല്ല നല്കുന്നത്. കാരണം ആ ജീവനും അവന്റെതന്നെ വസ്തുവാണ്. ആരെങ്കിലും വിശ്വസിച്ചേൽപിച്ച മുതൽ തിരിച്ചുകൊടുക്കുക എന്നത് വലിയ ത്യാഗമൊന്നുമല്ല. അവിടന്ന് പറയുന്നു, ഹദീഥുകളിൽ ഒരു സ്വാഹാബിയ ഉമ്മു സുലയ്മിന്റെതന്നെ ഈ സംഭവം വരുന്നുണ്ട്. അതായത് നബി(സ)തിരുമേനി അവരുടെ ഭർത്താവ് അബൂത്വൽഹയെ ഇസ്‌ലാമിക സേവനത്തിന് വെളിയിൽ അയച്ചതായിരുന്നു. അവരുടെ കുട്ടി രോഗിയായിരുന്നു. തന്റെ കുട്ടിയുടെ രോഗത്തിൽ അദ്ദേഹത്തിന് സ്വാഭാവികമായും ചിന്തയുണ്ടായിരുന്നു. ആ സ്വഹാബി തിരിച്ചു വന്നപ്പോൾ അദ്ദേഹത്തിന്റെ അസാന്നിധ്യത്തിൽ ആ കുട്ടി മരണപ്പെട്ടു കഴിഞ്ഞിരുന്നു. കുട്ടിയുടെ മാതാവ് മരിച്ച കുട്ടിയുടെമേൽ തുണിയിട്ടു. അവർ കുളിച്ചു, വൃത്തിയായി, സുഗന്ധം പുരട്ടി വളരെ ഉത്സാഹത്തോടെ ഭർത്താവിനെ സ്വീകരിച്ചു. ആ സ്വഹാബി വന്നുടനെ കുട്ടിയുടെ വിവരം അന്വേഷിച്ചു. ആ സ്വഹാബിയ മറുപടി പറഞ്ഞു: വളരെ ആശ്വാസത്തോടെയിരിക്കുന്നു. അദ്ദേഹം ഭക്ഷണം കഴിച്ചു ഭാര്യയുമായി ബന്ധപ്പെടുകയും ചെയ്തു. പിന്നീട് ഭാര്യ പറഞ്ഞു: ഞാൻ അങ്ങയോട് ഒരു ചോദ്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. എന്താണു കാര്യമെന്ന് ഭർത്താവ് ചോദിച്ചു. ഭാര്യ പറഞ്ഞു: ഒരാൾ ഒരാളുടെ കൈയിൽ അമാനത്ത് ഏല്പിച്ചു. കുറച്ചു കാലം കഴിഞ്ഞ് ആ അമാനത്ത് തിരിച്ച് ചോദിച്ചാൽ അത് അയാൾ തിരികെ നൽകണോ? അദ്ദേഹം മറുപടി പറഞ്ഞു: സൂക്ഷിപ്പുമുതൽ തിരിച്ചു നൽകാത്ത ഏതു വിഡ്ഢിയാണുണ്ടാകുക. അപ്പോൾ ഭാര്യ പറഞ്ഞു: ഒടുവിൽ അമാനത്ത് തിരികെ കൊടുക്കുമ്പോൾ അയാൾക്ക് നിരാശ എന്തായാലും ഉണ്ടാകും. അദ്ദേഹം പറഞ്ഞു: നിരാശയെന്തിന്, അയാളുടെ സ്വന്തം സാധനമൊന്നുമല്ലല്ലോ അത്. തിരിച്ചു നല്കിയതിൽ നിരാശപ്പെടാനെന്തുണ്ട്? അപ്പോൾ ഭാര്യ പറഞ്ഞു: അങ്ങനെയെങ്കിൽ ശരി. അല്ലാഹുവിന്റെ അമാനത്തായിരുന്ന നമ്മുടെ കുട്ടിയെ അല്ലാഹു നമ്മളിൽനിന്ന് തിരിച്ചെടുത്തിരിക്കുന്നു.'

ഈ സഹിഷ്ണുതയാണ് അക്കാലത്തെ സ്ത്രീകളിലുണ്ടായിരുന്നത്. അതിനാൽ ജീവൻ നൽകുക എന്നത് ഒരു വസ്തുവുമല്ല. പ്രത്യേകിച്ചും വിശ്വാസികളെ സംബന്ധിച്ച് അതൊരു നിസാര കാര്യമാണ്.(തഖ്‌രീർ ജൽസ സാലാന അഹ്‌മദിയ്യാ ജമാഅത്ത് ലാഹോർ, 1948, അൻവാറുൽ ഉലൂം വാള്യം 21, പേജ് 53–54)

പിന്നീട് മുമ്പേ വിവരിച്ചുകഴിഞ്ഞിട്ടുള്ള ഹദീഥ് അനുസരിച്ച് നബി(സ) തിരുമേനി അവർക്കുവേണ്ടി ദുആ ചെയ്തു. അതിനുശേഷം അവർക്ക് മക്കളുണ്ടായി. പെട്ടെന്നുതന്നെ കുറച്ചുകാലത്തിനുശേഷം അവർക്ക് മകനുണ്ടായി. പിന്നീട് അല്ലാഹു എത്രമാത്രം അനുഗ്രഹിച്ചുവെന്നാൽ അൻസ്വാറിൽനിന്നുള്ള ഒരാൾ നിവേദനം ചെയ്തു: ഞാൻ അബൂത്വൽഹായുടെ ഒമ്പതു മക്കളെ കണ്ടു. അവരെല്ലാവരും 9 ആൺകുട്ടികളും വിശുദ്ധ ഖുർആന്റെ ധാരികളായിരുന്നു.' (സ്വഹീഹുൽബുഖാരി, കിതാബുൽജനാഇസ്, ഹദീഥ് 1301)

ആസിം അഹ്‌വൽ വിവരിക്കുന്നു: ഞാൻ നബി(സ)തിരുമേനിയുടെ പാത്രം ഹദ്റത്ത് അനസിന്റെ കൈയിൽ കണ്ടു. അതിൽ പൊട്ടലുണ്ടായി. ഹദ്റത്ത് അനസ് വെള്ളികൊണ്ട് അത് കെട്ടിച്ചേർത്തു. അത് ഒരു മനോഹരവും വീതിയുള്ളതും നല്ല തടികൊണ്ട് ഉണ്ടാക്കിയതുമായ പാത്രമായിരുന്നു. ഹദ്റത്ത് അനസ് പറഞ്ഞു. ഞാൻ ആ പാത്രത്തിൽ നബി(സ) തിരുമേനിയെ പലപ്പോഴും വെള്ളം കുടിപ്പിച്ചിട്ടുണ്ട്. ഇബ്നു സീരീൻ പറയുന്നു. ആ പാത്രം ഇരുമ്പു കമ്പി കൊണ്ട് ബന്ധിപ്പിച്ചതായിരുന്നു. ഹദ്റത്ത് അനസ് അതിന്റെ സ്ഥാനത്ത് സ്വർണമോ വെള്ളിയോ കൊണ്ട് ബന്ധിപ്പിക്കാമെന്ന് തീരുമാനിച്ചു. പക്ഷേ, ഹദ്റത്ത് അബൂത്വൽഹ അദ്ദേഹത്തോടു പറഞ്ഞു. നബി(സ) തിരുമേനി ഉണ്ടാക്കിയതിൽ ഒരിക്കലും മാറ്റം വരുത്തരുത്. അങ്ങനെ അദ്ദേഹം ആ തീരുമാനം ഉപേക്ഷിച്ചു. (സ്വഹീഹുൽ ബുഖാരി കിതാബുൽ അശ്‌രബ ഹദീഥ് 5638)

ഹദ്റത്ത അനസ് ബിൻ മാലിക്(റ) നിവേദനം: ഞാൻ ഹദ്റത്ത് അബൂത്വൽഹ അൻസാരിയേയും, ഹദ്റത്ത് അബൂ ഉബയ്ദാ ബിൻ അൽജർറാഹിനേയും ഹദ്റത്ത് ഉബയ് ബിൻ കഅ്ബിനേയും(റ) ഈന്തപ്പഴത്തിന്റെ മദ്യം കുടിപ്പിക്കുകയായിരുന്നു. അപ്പോൾ അവിടെവന്ന ഒരാൾ മദ്യം നിഷിദ്ധമാക്കിയിരിക്കുന്നുവെന്ന് പറഞ്ഞു. ആ വാർത്ത കേട്ടയുടനെ അബൂത്വൽഹ പറഞ്ഞു: അല്ലയോ അനസ് ആ കുടങ്ങൾ പൊട്ടിച്ചെറിയുക. ഹദ്റത്ത് അനസ് പറയുന്നു: ഞാൻ ഒരു കല്ലുകൊണ്ട് കുടങ്ങളുടെ അടിഭാഗം കുത്തിപ്പൊട്ടിക്കുകയായിരുന്നു.(സ്വഹീഹുൽ ബുഖാരി, കിതാബു അഖ്ബാറുൽ അഹാദ്, ഹദീഥ് 7253).

ഹദ്റത്ത് അനസ് ബിൻ മാലിക്ക് പറയുന്നു: നബി(സ) തിരുമേനി വഫാത്തായപ്പോൾ മദീനയിൽ ലഹദ് ഉണ്ടാക്കുന്ന ഒരാളുണ്ടായിരുന്നു. മറ്റൊരാൾ നേരെയുള്ള ഖബ്ർ കുഴിക്കുന്നയാളായിരുന്നു. സ്വഹാബത്ത് പറഞ്ഞു. നമുക്ക് നമ്മുടെ റബ്ബിനോടു നന്മ തേടി പ്രാർഥിക്കാം. രണ്ടുപേരെയും വിളിപ്പിക്കാം. താമസിച്ചുവരുന്നയാളെ നമുക്ക് വിട്ടുകളയാം. അതായത് ആദ്യം വരുന്ന ആളെക്കൊണ്ട് പണിയെടുപ്പിക്കാം. അങ്ങനെ രണ്ടുപേരേയും വിവരം അറിയിച്ചു. ലഹദ് കുഴിക്കുന്ന ആളാണ് ആദ്യം വന്നത്. അപ്പോൾ സ്വഹാബത്ത് നബി(സ) തിരുമേനിക്കുവേണ്ടി ലഹദ് കുഴിപ്പിച്ചു. അതിന്റെ ശറഹിൽ അല്ലാമ ബൂസ്വീരി എഴുതി. ലഹദ് ഉണ്ടാക്കുന്ന ആൾ ഹദ്റത്ത് അബൂത്വൽഹ ആയിരുന്നു. നേരെയുള്ള ഖബ്ർ കുഴിക്കന്നയാൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അർജർറാഹ് ആയിരുന്നു. (സുനൻ ഇബ്നുമാജ, കിതാബുൽ ജനാഇസ് ഹദീഥ് 1557) ശുറൂഹ് സുനൻ ഇബ്നുമാജ ഭാഗം 1, കിതാബുൽ ജനാഇസ് പേജ് 617 ഉർദൻ 2007) ഇതാണ് അദ്ദേഹത്തിന്റെ പൂർണമായ വിവരണം

ഇനി ഞാൻ ഹ്രസ്വമായി ഒരു പരേതാത്മാവിനെ സ്മരിക്കുകയാണ്. നമസ്കാരത്തിനുശേഷം അദ്ദേഹത്തിന്റെ ജനാസയും നമസ്കരിപ്പിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായ ഹദ്റത്ത് മിയാൻ നൂർ മുഹമ്മദ് സാഹിബിന്റെ മകൻ ബാവു മുഹമ്മദ് ലത്വീഫ് സാഹിബ് അമൃതസരിയുടെ ജനാസയാണിത്. 2020 ജനുവരി 26ന് ഇദ്ദേഹം റബ്വയിൽ വഫാത്തായി. 90 വയസ്സുണ്ടായിരുന്നു. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അല്ലാഹുവിന്റെ അനുഗ്രഹത്താൽ പരേതൻ മൂസിയായിരുന്നു. ഇദ്ദേഹം ജമാഅത്തിന്റെ പേരുകേട്ട മുബല്ലിഗ് ആദരണീയനായ മൗലാനാ സിദ്ദീഖ് അമൃതസരി സാഹിബിന്റെ ചെറിയ സഹോദരനായിരുന്നു. ബാവു ലത്വീഫ് സാഹിബിന്റെ പിതാവ് ആദരണീയ മിയാൻ നൂർ മുഹമ്മദ് സാഹിബ് ആദ്യകാലത്ത് യുവത്വത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ സന്നിധിയിൽ ബാവു ലത്വീഫ് സാഹിബിനേയും കൊണ്ടുവന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ സന്നിധിയിൽ യുവത്വത്തിൽത്തന്നെ അദ്ദേഹത്തെ സമർപ്പിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) അദ്ദേഹത്തോടു പറഞ്ഞു: 'അങ്ങയ്ക്ക് രണ്ട് ആൺകുട്ടികളുണ്ട്. ആദ്യമേതന്നെ ഒരു മകൻ മുറബ്ബിയായി വഖ്ഫെ സിന്ദഗിയാണ്. ഇവനും മുഴുവൻ ആയുസും വഖ്ഫെ സിന്ദഗിയെപോലെ പ്രവർത്തിക്കുന്നതായിരിക്കും.' അങ്ങനെ അദ്ദേഹം വഖ്ഫു പോലെതന്നെ ജോലി ചെയ്തു. അദ്ദേഹത്തിന് നാലര വർഷം റെയിൽവെ ഡിപ്പാർട്ടുമെന്റിൽ ക്ലാർക്ക് എന്ന നിലയിൽ ഉദ്യോഗം വഹിച്ചതിനുശേഷം 1952ൽ സ്വയമേവ ജമാഅത്തിന്റെ ഉദ്യോഗസ്ഥനെന്ന നിലയിൽ സേവനം ചെയ്യാൻ തന്നെ സമർപ്പിച്ചു. 1952 മുതൽ ജമാഅത്തിന് സേവനം

## ഹദീഥുന്നബവി (സ):

***സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല. (സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)***

## കലാമുൽ ഇമാം:–

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപ്പണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാള്യം 6 പേജ് 352)**

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

ചെയ്യാൻ തൗഫീഖ് കിട്ടി. ആദ്യനിയമനം നളാറത്ത് ബയ്ത്തുൽ മാലിലായിരുന്നു. പിന്നീട് 1954–ൽ അൽഫള്ൽ ദിനപത്രത്തിന്റെ ഓഫീസിലേക്ക് മാറി. 61ൽ അദ്ദേഹത്തിന്റെ ഡ്യൂട്ടി പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിലായി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ ഖിലാഫത്ത് കാലത്തിന്റെ അവസാന മൂന്നുവർഷം പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിലും പിന്നെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ ഖിലാഫത്തു കാലത്ത്, പിന്നെ ഹദ്റത്ത് ഖലീഫത്തുൽ റാബിഹ്(റഹ്)ന്റെ ഹിജ്റത്തിനുശേഷം റബ്വയിലെ പി.എസ്. ഓഫീസിലും ജോലി ചെയ്തു. ഇപ്പോൾവരെ അവിടെത്തന്നെയായിരുന്നു. 2014വരെ ഇവിടെ അദ്ദേഹത്തിന് സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. 85–ൽ അദ്ദേഹത്തിന് അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയുടെ സേവനം നല്കപ്പെട്ടു. വളരെ നല്ല രീതിയിൽ അദ്ദേഹം ഈ കടമകൾ നിറവേറ്റി. അദ്ദേഹത്തിന്റെ മൊത്തം സേവനകാലം 62 വർഷമാണ്. ഇതിൽ ഏകദേശം 53 വർഷം അദ്ദേഹത്തിന് പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിൽ വിവിധ നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. തന്റെ ജോലിയിൽ നല്ല പ്രാവീണ്യമുള്ളയാളായിരുന്നു. വളരെ നല്ല രീതിയിലും ആത്മാർഥമായും പണിയെടുക്കുമായിരുന്നു. ഒപ്പം മതപരമായ വായനയിലും താൽപര്യമുണ്ടായിരുന്നു. ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ ആഴത്തിൽ പാരായണം ചെയ്തിരുന്നു. ശൂറായുടെ ഏർപാടുകളുടെ കാര്യത്തിൽ അദ്ദേഹത്തിന് പ്രത്യേകിച്ചും മൂന്നാം ഖിലാഫത്തു കാലത്തും പിന്നീട് ഒരുപാട് സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. പ്രൈവറ്റ് സെക്രട്ടറിയുടെ ഉത്തരവാദിത്വത്തിലുള്ള വിവിധ ജോലികൾ നിർവഹിക്കുന്നതുമായി ബന്ധപ്പെട്ട് സാധനങ്ങൾ വാങ്ങുന്ന കാര്യത്തിലും വളരെ സൂക്ഷ്മതയോടെ അധ്വാനത്തോടെ ജമാഅത്തിന്റെ ധനം സംരക്ഷിക്കാൻ പ്രത്യേകം ശ്രദ്ധിച്ചുകൊണ്ട് സാധനങ്ങൾ വാങ്ങിയിരുന്നു. പാക്കിസ്താൻ രൂപീകരണത്തിനുശേഷം അദ്ദേഹത്തിന് ഖാദിയാൻ മർക്കസിന്റെ സംരക്ഷണത്തിനും തൗഫീഖ് കിട്ടി. കുറച്ചുകാലം ഇദ്ദേഹം അവിടെ താമസിച്ചു. അദ്ദേഹത്തിന് 5 പെൺകുട്ടികളും ഒരു മകനുമാണ്. അദ്ദേഹത്തിന്റെ വഫാത്തിനു കുറച്ചു ദിവസം മുമ്പേ അദ്ദേഹത്തിന്റെ ഒരു മകളും വഫാത്തായിരുന്നു. അവർ ളരീഫ് അഹ്മദ് ഖമർ സാഹിബിന്റെ ഭാര്യയായിരുന്നു. അവരുടെ ഒരു മകനുണ്ട്. അദ്ദേഹം മുറബ്ബിയുമാണ്. ലണ്ടനിൽതന്നെ മൂന്നു പെൺമക്കളുണ്ട്. ഒരു മകൻ അതീഖ് അഹ്മദും ഇവിടെ ജോലി ചെയ്യുന്നു.

പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിലെ ഉദ്യോഗസ്ഥൻ റാണാ മുബാറക് സാഹിബ പറയുന്നു: ഞാൻ 32 വർഷം അദ്ദേഹത്തിനോടൊപ്പം ജോലി ചെയ്തു. ദീർഘകാലംവരെ മജ്‌ലിസ് മുശാവറത്തിന്റെ ഏർപാടുകളുമായി ബന്ധപ്പെട്ട് ഒരുപാട് ഓഫീസ് ജോലികൾ തനിച്ചുതന്നെ അദ്ദേഹം ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം പറയുന്നു: ഇങ്ങനെ അദ്ദേഹം ഉപദേശിക്കുമായിരുന്നു, 'ഭൗതികമായ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഉണ്ടാകുമ്പോൾ ദുആ ചെയ്യുന്നതിനോടൊപ്പം നിങ്ങളുടെ ഓഫീസു കാര്യങ്ങളിൽ കൂടുതൽ മുഴുകുക. എന്നാൽ, അല്ലാഹു പ്രയാസങ്ങൾ മാറ്റിത്തരുന്നതായിരിക്കും. ജോലിക്കാരിൽനിന്ന് തെറ്റുകൾ ഉണ്ടാകാറുണ്ട്. അപ്പോൾ വളരെ സ്നേഹത്തോടെ മനസ്സിലാക്കിക്കൊടുക്കുമായിരുന്നു. ഇപ്രകാരംതന്നെ മറ്റു ജോലിക്കാരും എഴുതിയിട്ടുണ്ട്. കഠിനാധ്വാനിയായിരുന്നു. ജോലിക്കാർക്ക് മാർഗദർശനം നല്കുമായിരുന്നു. അഞ്ചുമന്റെ ചട്ടങ്ങൾ അദ്ദേഹത്തിന് വലിയ അറിവായിരുന്നു. കൈപ്പടയും വളരെ മനോഹരമായിരുന്നു. വാക്കുകൾ തിരഞ്ഞെടുക്കുന്നത് നല്ല നിലയിലായിരുന്നു. പുതിയ പേന വാങ്ങുമ്പോൾ, ആദ്യം അതുകൊണ്ട് ബിസ്മില്ലാഹ് എഴുതുമായിരുന്നു. പിന്നീടാണ് ജോലി തുടങ്ങുക. സമയനിഷ്ഠയോടെ ഓഫീസിൽ വരുമായിരുന്നു. എന്നാൽ, ഓഫീസ് സമയം കഴിഞ്ഞാലുടൻ തിരിച്ചുപോകുമായിരുന്നില്ല. ജോലി തീരുന്നതുവരെ അവിടെ ഇരിക്കുമായിരുന്നു. ചിലപ്പോൾ രാത്രി മുഴുവൻ പണിയെടുക്കുമായിരുന്നു. അടുത്ത ദിവസം രാവിലെയായിരിക്കും വീട്ടിൽ പോകുക. ഞാൻ റബ്വയിലുണ്ടായിരുന്നപ്പോൾ വിവിധ സമയങ്ങളിൽ ഇങ്ങനെ ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്. വളരെ അധ്വാനത്തോടെ ഓഫീസിൽ വന്ന് മഗ്‌രിബിന്റെ നേരത്തും നമസ്കരിക്കാൻ ഓഫീസിൽനിന്ന് വരുമായിരുന്നു. ഇശായുടെ നേരത്തും അവിടെനിന്നു വരുമായിരുന്നു. ചിലപ്പോൾ സുബ്ഹിയുടെ നേരത്തും ഓഫീസിൽനിന്ന് വരും. കഠിനാധ്വാനം ചെയ്യുന്നയാളായിരുന്നു. വീട്ടിൽ പോകണമെന്നോ ഓഫീസ് സമയം കഴിഞ്ഞുവെന്നോ ഉള്ള കാര്യം പ്രശ്നമായിരുന്നില്ല. യഥാർഥ ഉദ്ദേശ്യം ജമാഅത്തിന്റെ ജോലി ചെയ്യുകയെന്നതായിരുന്നു. വളരെ വലിയ ഒരു പ്രത്യേകത അദ്ദേഹത്തിന്റേത്, ആരോടും ഒരു കാര്യത്തിനും ഡിസ്കസ് ചെയ്യുമായിരുന്നില്ല. രഹസ്യമായിട്ടുള്ള കാര്യം രഹസ്യമായിട്ടുതന്നെവെക്കും. ഇപ്രകാരംതന്നെ നാസിർ സയ്യിദ് സാഹിബെഴുതുന്നു. 74–ൽ പാക്കിസ്താൻ അസംബ്ലിയിൽ ഹാജരാകുമ്പോൾ ഇദ്ദേഹവും അതിൽ പ്രൈവറ്റ് സെക്രട്ടറിയുടെ പ്രവർത്തകൻ എന്ന നിലയിൽ അവിടെ ഉണ്ടായിരുന്നു. ഓഫീസ് കാര്യത്തിനു പുറമെ മറ്റുള്ളവരെ സഹായിക്കുകയും ചെയ്യുമായിരുന്നു. ജോലിക്കാരുമായിരുന്ന് പാത്രങ്ങളും കഴുകുമായിരുന്നു. ചുരുക്കത്തിൽ നിസ്വാർഥ മനുഷ്യനായിരുന്നു. അല്ലാഹു അദ്ദേഹത്തോടു മഗ്ഫിറത്തോടും കരുണയോടുംകൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും തലമുറകൾക്കും അദ്ദേഹത്തിന്റെ നന്മകൾ നിലനിറുത്താനുള്ള തൗഫീഖ് ലഭിക്കുമാറാകട്ടെ.

## പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന കൊറോണ വൈറസ് രോഗത്തിന് ഹോമിയോപ്പതി കുറിപ്പടി

ലോകത്ത് കൊറോണ വൈറസ് വേഗം പടർന്നുപിടിച്ചുകൊണ്ടിരിക്കുകയാണ്. ഈ പകർച്ച വ്യാധിക്ക് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് താഴെ കാണുന്ന മരുന്നുകൾ കഴിക്കാൻ നിർദേശിച്ചിരിക്കുന്നു.

(1) പ്രതിരോധമരുന്ന് രണ്ടാഴ്ചവരെ മുടങ്ങാതെ ഉപയോഗിച്ച് അതിനുശേഷം ഒരാഴ്ച വിട്ട് ഒരാഴ്ച ഉപയോഗിക്കുക. 6 ആഴ്ചവരെ ഇതേ രീതിയിൽ ആവർത്തിക്കുക. 5 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് ആഴ്ചയിൽ ഒരിക്കൽമാത്രം നല്കുക.

| | | |
|---|---|---|
| **Aconite -200** | **Arsenic Alb -200** | **Gelsemium -200** |

(2)5 മുതൽ 15 വയസുവരെയുള്ള കുട്ടികൾക്കും ഗർഭിണികൾക്കും

| | | |
|---|---|---|
| **(i) Aconite -200** | **Arsenic Alb -200** | **Gelsemium -200** |

**(ii) Chelidonium Maj-1x**

ഈ രണ്ടു മരുന്നും (i)ഉം (ii) ഉം മൂന്നുദിവസം ഇടവിട്ട് ഊഴമനുസരിച്ച്(ഉദാഹരണത്തിന് (തിങ്കൾ, വ്യാഴം) ഓരോരോ ഡോസ് കഴിക്കുക. പത്തുതുള്ളി കുറച്ചുകവിൾ വെള്ളത്തിൽ ചേർത്ത് (3) ഇതിനു പുറമെ മറ്റുള്ളവർക്ക്

| | | |
|---|---|---|
| **(i) Aconite -200** | **Arsenic Alb -200** | **Gelsemium -200** |

(3)ആഴ്ചയിൽ രണ്ടു പ്രാവശ്യം (മൂന്നുദിവസം ഇടവിട്ട്) ഓരോരോ ഡോസ്. പിന്നെ പത്തുതുള്ളി കുറച്ചു കവിൾ വെള്ളത്തിൽ ചേർത്ത് ആഴ്ചയിൽ മൂന്നുപ്രാവശ്യം(രണ്ടുദിവസം ഇടവിട്ട്)ഓരോരോ ഡോസ്

### രോഗം ബാധിച്ചാൽ

| | | |
|---|---|---|
| **(i) Influenzinum-200** | **Bacillinum -200** | **Diphtherinum -200** |

ഒരാഴ്ച രാവിലേയും വൈകുന്നേരവും അതിനുശേഷം ആഴ്ചയിൽ രണ്ടുപ്രാവശ്യം.(മൂന്നുദിവസം ഇടവിട്ട്)

| | | |
|---|---|---|
| **(ii) Arnica -30** | **Baptisea -30** | **Arsenic Alb-30** |
| **Hepar Sulph-30** | **Nat.Sulph-30** | |

ദിവസത്തിൽ രണ്ടുമുതൽ മൂന്നുനേരം

**(iii)Chelidonium Maj-1x**

പത്തുതുള്ളി കുറച്ചുകവിൾ വെള്ളത്തിൽ ചേർത്ത് ദിവസം രണ്ടുനേരം ആഹാരത്തിനുശേഷം

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'
(ഖുത്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215)
(ഖുത്ബ ജുമുഅ 29 – 5 – 2015)

**ത്വാലിബെ ദുആ:**
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്ബ 27 – 1 – 2017)

**ത്വാലിബെ ദുആ:**
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

**2018 ഒക്ടോബർ 26 വെള്ളിയാഴ്ച (തുടർച്ച...)**

## വഖ്ഫെ നൗ പെൺകുട്ടികൾക്ക് ഹുദൂറിന്റെ ക്ലാസ്

വൈകുന്നേരം 06.15-ന് സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ബയ്ത്തുസ്സമീയിലെ പുരുഷന്മാരുടെ ഹാളിലെത്തുകയും വാഖിഫാത്തെ നൗ ക്ലാസിന് ആരംഭം കുറിക്കുകയും ചെയ്തു. അസീസ മാഹീൻ വഡാഇച്ചിന്റെ ഖുർആൻ പാരായണത്തോടെ പരിപാടി തുടങ്ങി. ഉർദു തർജമ അസീസ ത്വൂബാ ഖുർശീദ സാഹിബയും ഇംഗ്ലീഷ് തർജമ അസീസ ശാഫിയ ബശീർ അഹ്മദും നിർവഹിച്ചു. അസീസ ഫായിറ മുബീൻ ഒരു ഹദീഥ് അവതരിപ്പിച്ചു:

ഹദ്റത്ത് അബൂ ഹുറയ്റ(റ) വിവരിക്കുന്നു: ഞാൻ ഒരിക്കലും ചെയ്യാൻ മറന്നു പോകാത്ത ഒരു ദുആ നബി(സ)തിരുമേനിയിൽ നിന്ന് ഞാൻ പഠിച്ചു. അതിതാണ്, അല്ലാഹുവേ, നിനക്ക് വളരെ നന്ദി പറയുന്നവനാക്കി എന്നെ മാറ്റേണമേ, വളരെയധികം നിന്നെ സ്മരിക്കുന്നവനാക്കേണമേ, നിന്റെ നന്മയുടെ കാര്യങ്ങളെ പിൻപറ്റുന്നവനാക്കേണമേ, നീ താക്കീതു താക്കീതു ചെയ്തു പറഞ്ഞിട്ടുള്ള കൽപനകളുടെ സംരക്ഷണം(എന്റെ കർമംകൊണ്ട്) ചെയ്യുന്നവനാക്കേണമേ.' (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, ഭാഗം- 2 പേജ്- 311 )

ഇതിന്റെ ഇംഗ്ലീഷ് തർജമ അസീസ മാഹിദ ജാവേദ് സയ്ഫി അവതരിപ്പിച്ചു. മൽഫൂദാത്തിൽ നിന്നുള്ള ഒരു ഭാഗം അസീസ ഹംദാ ഇർഫാൻ വായിച്ചു: ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) പറയുന്നു: *വ ഇദന്നുഫൂസു സുവ്വിജത്ത്* എന്ന വചനവും എനിക്കുവേണ്ടിത്തന്നെയുള്ളതാണ്. പിന്നീട് അല്ലാഹു സന്ദേശ പ്രചാരണത്തിനുള്ള എല്ലാ സൗകര്യങ്ങളും ഒരുമിച്ചുകൂട്ടി. പ്രസിദ്ധീകരണത്തിനുള്ള സാധനങ്ങൾ, പേപ്പറിന്റെ ആധിക്യം, പോസ്റ്റോഫീസുകൾ, ടെലഗ്രാം, റെയിൽ മാർഗങ്ങൾ, പുകക്കപ്പലുകൾ തുടങ്ങിയവ മുഖേന മുഴുലോകത്തേയും ഒരു നഗരമാക്കി മാറ്റി. കൂടാതെ പുതിയ പുതിയ കണ്ടുപിടിത്തങ്ങൾ ഇത് കൂടുതൽ വർധിപ്പിച്ചു. കാരണം പ്രചാരണത്തിനുള്ള സാമഗ്രികൾ ഒത്തുചേർന്നു വന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ ഫോണോഗ്രാഫിലൂടെയും പ്രചാരണ പ്രവർത്തനങ്ങൾ സാധ്യമായിരിക്കുന്നു. ഇതിൽനിന്ന് വിസ്മയിപ്പിക്കുന്ന ജോലികളാണ് പുറത്തു വരുന്നത്. പത്രങ്ങളുടേയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും വർധനയുമുണ്ട്. ചുരുക്കത്തിൽ മുമ്പേയൊന്നും ഉണ്ടായിട്ടില്ലാത്ത വിധം പ്രചാരണത്തിനുള്ള സാമഗ്രികൾ കൂടിച്ചേർന്നിരിക്കുകയാണ്.'(അൽഹക്കം ഭാഗം 6, വാല്യം 43, 1902 നവംബർ 30)

ഇതിന്റെ ഇംഗ്ലീഷ് പരിഭാഷ അസീസ ദാനിയ ഇഫത്ത് അഹ്മദ് കേൾപിച്ചു. അസീസ മലാഹാ ജലാൽ ലുഖ്മാൻ വാഗ്ദത്തമസീഹിന്റെ,

*ദീൻ കീ നുസ്റത്ത് കേലിയേ*
*ഇക് ആസ്മാൻ പർ ശോർ ഹെ*
*അബ് ഗയാ വഖ്തെ ഖസാ*
*ആയേ ഹൈ ഹൽ ലാനേകെ ദിൻ*

എന്നു തുടങ്ങുന്ന പദ്യത്തിന്റെ ഏതാനും വരികൾ ആലപിച്ചു.

തുടർന്ന് അസീസ ഹാല ത്വാരിഖ് ഭട്ടി ഹുദൂറിന് സ്വാഗതമോതി. അസീസ ലബീബ സഊദയും അസീസ ഇമാമ ലാറയ്ബും അസീസ ഹുമാ മുനീറും 'എം.ടി.എ ഖിലാഫത്തിനെ ബന്ധപ്പെടാനുള്ള നമ്മുടെ മാർഗം' എന്ന വിഷയത്തെ അധികരിച്ചുകൊണ്ട് വിഷയാവാതരണം നടത്തി.

'ഞാൻ നിന്റെ സന്ദേശത്തെ ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കും' എന്ന വിഷയത്തിൽ അസീസ മാഹം അഹ്മദ് ഉർദു ഭാഷയിൽ പ്രസംഗിച്ചു. അസീസ ആലിയ ബിലാൽ റാണ, അസീസ അംബർ മഹ്മൂദ്, അസീസ അസ്മാ യാസീൻ, അസീസ ഫാത്വിമ സഫർ തൻവല്ലി എന്നിവർ 'ടെക്സാസിലേക്കുള്ള യാത്ര' എന്ന വിഷയത്തിൽ യാത്രാവിവരണം നടത്തി.

അതുകഴിഞ്ഞ് ഹുദൂർ ചോദ്യങ്ങൾക്ക് സമയം അനുവദിച്ചു:

✳ ഒരു വാഖിഫ നൗ: ഞാൻ മെഡിക്കലിന് പഠിക്കണമെന്നാണ് എന്റെ പിതാവ് ആഗ്രഹിക്കുന്നത്. അതുകൊണ്ടുതന്നെ ബയോമെഡിക്കൽ പഠിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ, എനിക്ക് വക്കീലിന് പഠിക്കണമെന്നാണ് ആഗ്രഹം. ഈ സാഹചര്യത്തിൽ ഞാൻ എന്താണ് ചെയ്യേണ്ടത്?

**ഹുദൂർ:** മെഡിക്കൽ പഠിക്കാനുള്ള ആഗ്രഹം വളർത്തുക. കാരണം നമുക്ക് ഡോക്ടർമാരുടെ ആവശ്യം വളരെ കൂടുതലാണ്; വക്കീലുമാരുടേതല്ല. മോളുടെ അബ്ബാ പറയുന്ന കാര്യം ശരിയാണ്.

✳ വാഖിഫ നൗ: എന്റെ രണ്ടാമത്തെ ചോദ്യം ഇതാണ്. ഏറ്റവും നല്ല സാമ്പത്തിക വ്യവസ്ഥിതി ഏതാണ്? അമേരിക്കയിലുള്ള ക്യാപിറ്റൽ വ്യവസ്ഥിതിയോ അതോ സോഷ്യലിസമോ?

**ഹുദൂർ:** ഏറ്റവും നല്ലത് ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥിതിയാണ്. അതിനുവേണ്ടി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഗ്രന്ഥമായ 'ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥിതി' വായിക്കുക. ഇതുസംബന്ധമായി വിശദീകരിച്ചു മനസ്സിലാക്കാൻ കഴിയും. ഈ വിഷയം രണ്ടു വാക്കിലോ അഥവാ നാലു മിനിറ്റിലോ വിവരിക്കാൻ കഴിയില്ല. ഇസ്‌ലാമിക വ്യവസ്ഥിതി സോഷ്യലിസവുമല്ല, ക്യാപിറ്റലിസവുമല്ല. മറിച്ച് അതിന്റെ അടിസ്ഥാനപരമായ വിഷയം ഇതാണ്: 'എല്ലാവരുടേയും ആവശ്യം പൂർത്തീകരിക്കുക. അതിനുവേണ്ടിയാണ് സക്കാത്ത് വ്യവസ്ഥിതിയുള്ളത്. രണ്ടാമത്തേത് ടാക്സാണ്. ബാക്കി കാര്യങ്ങൾ ഗ്രന്ഥത്തിൽനിന്ന് വായിച്ച് മനസ്സിലാക്കുക.

✳ മറ്റൊരു വാഖിഫ നൗ: ഞാൻ റബ്‌വയിൽ നിന്ന് പോർട്ട്‌ലാന്റ് ജമാഅത്തിൽ വന്നതാണ്. ഹുദൂറിന്റെ നിർദേശമനുസരിച്ച് ബയ്ത്തുൽ ഫുത്തൂഹിനുവേണ്ടി കുറച്ച് സ്വർണം നല്കാനാഗ്രഹിക്കുന്നു. അത് ഹുദൂറിന്റെ കൈയിൽ തരണമെന്നാണ് എന്റെ ആഗ്രഹം.

**ഹുദൂർ:** പേരും മേൽവിലാസവും എഴുതിയിട്ടുണ്ടോ? അതിന്റെ രസീത് അയച്ചുതരാനാണ്.

✳ വാഖിഫ നൗ: ജീ ഹുദൂർ, എഴുതിയിട്ടുണ്ട്.

**ഹുദൂർ:** എന്നാൽ, ശരി.

✳ മറ്റൊരു വാഖിഫ നൗ: വഖ്ഫെ നൗ കുട്ടികൾ ഉർദു പഠിക്കണമെന്ന് ഹുദൂർ ആഹ്വാനം ചെയ്തിരുന്നു. എന്നാൽ, ഇവിടെ നടക്കുന്ന എല്ലാ യോഗവും ഇജ്തിമാകളും ഇംഗ്ലീഷിലാണല്ലോ നടക്കുന്നത്?

**ഹുദൂർ:** ഇംഗ്ലണ്ടിലും അങ്ങനെ തന്നെയായിരുന്നു. എന്നാലിപ്പോൾ ഞങ്ങൾ എഴുപത് ശതമാനം ഇംഗ്ലീഷിലും മുപ്പത് ശതമാനം ഉർദുവിലും ചെയ്യാൻ ശ്രമിച്ചു വരുന്നു. മുമ്പേ ഇതു ചെയ്യാതിരിക്കാൻ കാരണം അധികപേരും ഇംഗ്ലീഷ് അറിയുന്നവരായിരുന്നു. ഉർദു വളരെ കുറച്ചു പേർക്കു മാത്രമേ അറിയുമായിരുന്നുള്ളൂ. എന്നാൽ, ഇവിടെ അഭയാർഥികൾ വളരെ കൂടുതൽ വന്നതുകൊണ്ട് ഇവിടേയും ഇങ്ങനെ ചെയ്യാവുന്നതാണ്. ഇവർ ശരിക്കും ഇംഗ്ലീഷ് പഠിക്കുന്നതുവരെ ഈ സൗകര്യം ചെയ്തു കൊടുക്കേണ്ടതാണ്. എന്തായാലും, ഒരു വാഖിഫെ നൗഇന് ഉർദു അറിഞ്ഞിരിക്കേണ്ടതുണ്ട്.

മാശാ അല്ലാഹ് നിങ്ങൾ വാഖിഫാത്തെ നൗ എല്ലാവരും എന്റെ മുന്നിൽ സ്കാർഫ് ചുറ്റി ഇരിക്കുന്നു. ഇതു മറ്റു പെൺകുട്ടികളും അനുകരിച്ച് മാതൃകയാക്കേണ്ടതാണ്. നിങ്ങളുടെ സ്വഭാവം, നമസ്കാരങ്ങൾ, സംസാരം, വസ്ത്രം ഇതെല്ലാം അപ്രകാരം ആക്കുക. നിങ്ങളുടെ വസ്ത്രത്തിൽ ലജ്ജ വേണ്ടതാണ്. സ്കാർഫ് മൂടിപ്പുതയ്ക്കേണ്ടതാണ്. വെറും സംസാരിക്കുന്നതുകൊണ്ടോ മുദ്രാവാക്യം വിളിക്കുന്നതുകൊണ്ടോ മാത്രം ഒന്നുമാകില്ല. വാഖിഫാത്തെ നൗ പ്രവർത്തനപരമായ മാതൃക കാണിക്കേണ്ടതാണ്.

✳ ഒരു വാഖിഫ നൗ: ഏതെങ്കിലും തിന്മ ചെയ്താൽ ഉദാഹരണത്തിന് ബാങ്ക് കൊള്ളയടിച്ച ശേഷം അയാൾ സൽസ്വഭാവിയായാൽ സ്വർഗം ലഭിക്കുമോ?

**ഹുദൂർ:** അവസാന തീരുമാനം അല്ലാഹുവിന്റേതാണ്. ആര് എവിടെ പോകണമെന്ന് അല്ലാഹുവിനേ അറിയുകയുള്ളൂ. എന്നാൽ, അല്ലാഹു ഇങ്ങനേയും പറഞ്ഞിട്ടുണ്ട്. ആരെങ്കിലും സ്വയം തങ്ങളിൽ മാറ്റം വരുത്തുകയും പാപങ്ങളിൽനിന്ന് പശ്ചാത്തപിക്കുകയും അല്ലാഹുവിന്റെ കാര്യങ്ങൾ അനുസരിക്കുകയും ചെയ്യുകയാണെങ്കിൽ അല്ലാഹു അദ്ദേഹത്തെ സ്വർഗത്തിൽ കൊണ്ടുപോകുന്നതാണ്.

✳ ഒരു വാഖിഫ നൗ: പൊതുവേ പുരുഷന്മാർക്കും സ്ത്രീകൾക്കുമിടയിൽ മറയിടാറുണ്ട്. എന്നാൽ, ഹജ്ജിന്റെ അവസരത്തിൽ അങ്ങനെയുണ്ടാകാറില്ല. അതിലെ യുക്തി എന്താണ്?

**ഹുദൂർ:** ഹജ്ജ് സമ്പൂർണ ഏകാഗ്രതയോടും ആത്മസമർപണത്തോടുംകൂടി ചെയ്യുന്ന ആരാധനയാണ്. ഏറ്റവും ചുരുങ്ങിയത് അല്ലാഹു അതാണ് ആഗ്രഹിക്കുന്നത്. പുരുഷന്മാർ സ്വയം സ്ത്രീകളിലേക്ക് നോക്കുന്നതിൽനിന്ന് വിട്ടുനില്ക്കുക. സ്ത്രീ പുരുഷനേയും നോക്കാതിരിക്കുക. അതുകൊണ്ട് ഇതൊരു കാരണമാകാവുന്നതാണ്. എന്നാൽ, ഇക്കാലഘട്ടത്തിൽ ഹജ്ജിന് പോകുന്നവർക്ക് വിശ്വാസം തന്നെയില്ല. അവരുടെ ഹജ്ജ് സ്വീകൃതമാണോ അല്ലേ എന്ന് പോലും അറിയില്ല. 1912-13 ൽ ഖലീഫത്തുൽ മസീഹ് ഥാനി(റ) ഹജ്ജിന് പോയിരുന്നു. അദ്ദേഹം പറയുന്നു: 'ഇന്ത്യയിൽ നിന്ന് ഇരുപത്തിനാല് ഇരുപത്തിയഞ്ച് വയസ്സ് തോന്നിക്കുന്ന ഒരു യുവാവും ഹജ്ജിന് വന്നിരുന്നു. ഹജ്ജിനിടയിലും ദുആകൾ ചെയ്യുന്നതിന് പകരം സിനിമാ ഗാനങ്ങൾ പാടുന്നുണ്ടായിരുന്നു.' അതുകൊണ്ട് ഇത്തരം വ്യക്തികളുമുണ്ട്. ഹജ്ജിന് ആത്മസമർണവും സമ്പൂർണ ഏകാഗ്രതയും ആവശ്യമാണ്. ഇതും ഒരു കാരണമാണെന്ന് പറയാം. നമ്മളോടു

എങ്ങനെയാണോ കൽപ്പിക്കപ്പെട്ടിട്ടുള്ളത് അങ്ങനെ മാത്രമേ പ്രവർത്തിക്കാൻ പാടുള്ളൂ. നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ പുതപ്പില്ലാതെയും മുന്നിൽ പർദയോ മറ്റു തടസമോ ഇല്ലാതെയും നമസ്കരിച്ചിരുന്നു. സ്ത്രീകൾ പിന്നിൽ നമസ്കാരം നിവർഹിച്ചിരുന്ന ഒരു കാലഘട്ടവും ഉണ്ടായിരുന്നു. ഈ പർദ നിങ്ങളുടെ സൗകര്യത്തിനു വേണ്ടിയാണ്. പുരുഷന്മാരെപോലെ ഹജ്ജിൽ സ്ത്രീകൾക്ക് ഇഹ്റാമില്ല. സ്വന്തം വസ്ത്രം ധരിച്ചുകൊണ്ടും ഹജ്ജ് നിർവഹിക്കാവുന്നതാണ്.

✲ഒരു വാഖിഫ നൗ: ഒരു സ്ത്രീയുടെ ഭർത്താവ് പർദ ധരിക്കരുതെന്ന് പറഞ്ഞാൽ ആ ഭാര്യ എന്തു ചെയ്യണം?

**ഹുദൂർ:** അല്ലാഹുവിന്റെ കാര്യം കേൾക്കണോ അതോ ഭർത്താവിന്റെ കാര്യം കേൾക്കണോ എന്ന് ആദ്യം തീരുമാനിക്കുക. ഞാൻ ഇവിടെ പറഞ്ഞതുപോലെ നിങ്ങളുടെ വസ്ത്രം ലജ്ജാബോധം ജനിപ്പിക്കുന്നതാകണം. ലജ്ജ ഈമാനിന്റെ ഭാഗമാണ്. ലജ്ജ തന്നെയാണ് യഥാർഥ കാര്യം. പർദ ധരിക്കാനുള്ള കല്പന അത്യുന്നതനായ അല്ലാഹുവിന്റേതാണ്. അക്കാര്യം അംഗീകരിക്കുകയാണ് നമ്മൾ ചെയ്യേണ്ടത്. പാക്കിസ്താനിലെ നിയമം പറയുന്നത് നിങ്ങൾ സ്വയം മുസ്‌ലിം എന്ന് പറയരുത് എന്നാണ്; സലാം പറയരുതെന്നും. അഹ്മദി ഇക്കാര്യം അംഗീകരിക്കുന്നുണ്ടോ? മറ്റെല്ലാ നിയമങ്ങളും അംഗീകരിക്കുന്നു. എന്നാൽ, നിയമത്തിന്റെ ഈ ഭാഗം നാം അംഗീകരിക്കുന്നില്ല. കാരണം, അത്യുന്നതനായ അല്ലാഹുവിന്റെ കല്പനയ്ക്ക് വിരുദ്ധമായിട്ടുള്ളതാണത്. അപ്പോൾ നിങ്ങളുടെ അടിസ്ഥാന വിഷയം ഇതായിരിക്കണം. ഏതൊരു കാര്യം അത്യുന്നതനായ അല്ലാഹുവിന്റെ കൽപനയെ തഴയുന്നതാണോ അത് ഭർത്താവ് പറഞ്ഞാലും ശരി, ആരു പറഞ്ഞാലും ശരി അംഗീകരിക്കരുത്. വാഖിഫാത്തെ നൗഇന്റെ ഈ ക്ലാസ് 7.10 വരെ നീണ്ടു നിന്നു. ഹുദൂർ എല്ലാ കുട്ടികൾക്കും മുസ്വല്ല നല്കി.

## വാഖിഫീനെ നൗ കുട്ടികളുടെ ക്ലാസ്

07.15–ന് വാഖിഫീനെ നൗ കുട്ടികളുടെ ക്ലാസ് അസീസം ജലീസ് അഹ്മദ് സാഹിബിന്റെ തിലാവത്തോടുകൂടി ആരംഭിച്ചു. അസീസം ബിലാൽ അഹ്മദ് സിദ്ദീഖി ഉർദു തർജമയും അസീസം ത്വാഹിർ അഹ്മദ് ഭട്ടി ഇംഗ്ലീഷ് തർജമയും കേൾപിച്ചു.

തുടർന്ന് അസീസം സയ്യിദ് നവാസ് അഹ്മദ് ഹദീഥ് പാരായണം ചെയ്തു:'ഇമാം മഹ്ദിയുടെ കാലഘട്ടത്തിൽ കിഴക്കുകാരനായ വിശ്വാസി പടിഞ്ഞാറുള്ള തന്റെ സഹോദരനെ കണ്ടുകൊണ്ടിരിക്കും. അതുപോലെതന്നെ പടിഞ്ഞാറുള്ള വ്യക്തി തന്റെ കിഴക്കുകാരനായ സഹോദരനേയും കണ്ടു കൊണ്ടിരിക്കും.'(ബിഹാറുൽ അൻവാറുൽജാമിഅത്തി........ വാല്യം 52, പേജ് 391, ദാറു അഹ്യാഉത്തുറാഥ് അൽ അറബി,ബേറൂത്ത്, ലണ്ടൻ)

തുടർന്ന് അസീസം ഉസാമ സയ്ഫി ഈ ഹദീഥ് ഇംഗ്ലീഷ് ഭാഷയിൽ തർജമ ചെയ്തു. അസീസം റാശിദ് അഹ്മദ് വഡായിച്ച്, ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ മൽഫൂദാത്ത് ഭാഗം വായിച്ചു. തജല്ലിയാത്തെ ഇലാഹിയ്യായിൽ ഹുദൂർ(അ) എഴുതുന്നു:

'എനിക്ക് അധികമായി മഹത്ത്വം തന്നരുളുമെന്നും എന്റെ സ്നേഹത്തെ ഹൃദയങ്ങളിൽ കുടിയിരുത്തുമെന്നും എന്റെ പ്രസ്ഥാനത്തെ ഭൂതലമാകെ പ്രചരിപ്പിക്കുമെന്നും എന്റെ പ്രസ്ഥാനത്തെ സർവകക്ഷികളുടേയുംമേൽ വിജയിപ്പിക്കുമെന്നും അല്ലാഹു എനിക്ക് നിരന്തരം അറിവ് നല്കിയിട്ടുണ്ട്. കൂടാതെ എന്റെ പ്രസ്ഥാനത്തിലെ ജനങ്ങൾ തങ്ങളുടെ അടയാളം കൊണ്ടും തെളിവുകൾകൊണ്ടും, സത്യത്തിന്റെ പ്രകാശംകൊണ്ടും സർവരുടേയും വായ അടപ്പിക്കുംവിധം ജ്ഞാനത്തിലും അറിവിലും പരിപൂർണത കരസ്ഥമാക്കുന്നതാണ്. ഈ പ്രസ്ഥാനം ഭൂമിയിൽ പടർന്നു പന്തലിക്കുന്നതുവരെ ഇത് അതിവേഗം വളരുകയും പുഷ്പിക്കുകയും ചെയ്യുന്നതാണ്. അനവധി തടസങ്ങളും പരീക്ഷണങ്ങളും നേരിടേണ്ടി വരുമെങ്കിലും അവയെല്ലാം ഇടയിൽനിന്ന് നീക്കിക്കളയുകയും തന്റെ വാഗ്ദാനം പൂർത്തയാക്കുന്നതുമായിരിക്കും. അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽനിന്ന് അനുഗ്രഹം തേടും വിധം ഞാൻ നിനക്ക് അനുഗ്രഹത്തിനുമേൽ അനുഗ്രഹം തന്നരുളുന്നതാണ്.

അതുകൊണ്ട്, അല്ലയോ ശ്രോതാക്കളേ, ഇക്കാര്യങ്ങൾ ഓർമ വെക്കുക. ഈ പ്രവചനങ്ങളെ നിങ്ങളുടെ പെട്ടികളിൽ സൂക്ഷിച്ചു വെക്കുക. ഇവ ഒരു നാൾ പൂർത്തിയാകേണ്ട ദൈവത്തിന്റെ വചനങ്ങളാകുന്നു."(തജല്ലിയാത്തെ ഇലാഹിയ്യ, റൂഹാനി ഖസാഇൻ, കമ്പ്യൂട്ടറൈസ്ഡ് എഡിഷൻ, ഭാഗം–20, പേജ്–409,410)

ഇംഗ്ലീഷ് തർജമ അസീസം സൗബാൻ ഇഖ്ബാൽ നിർവഹിച്ചു. അതിനു ശേഷം അസീസം സയ്യിദ് ഉവയ്സ് അഹ്മദ്, അസീസം യാസർ ഖാൻ, അസീസം ആശിർ അഹ്മദ് ഭട്ടി എന്നിവർ എം.ടിഎ യെ കുറിച്ചുള്ള ഒരു സംഘഗാനം ആലപിച്ചു. ഇതിന്റെ ഇംഗ്ലീഷ് തർജമ അസീസം ഇസ്മായിൽ മുബാറക് അഹ്മദ് കേൾപിച്ചു.

എം.ടി.എ– ഖിലാഫത്തുമായി ബന്ധപ്പെടാനുള്ള നമ്മുടെ മാർഗം എന്ന വിഷയത്തെ അധികരിച്ച് അസീസം അർസലാൻ വഹീദ് അഹ്മദ്, അസീസം ത്വലാൽ മൻസ്വൂർ അഹ്മദ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് ചോദ്യങ്ങൾക്കുളള അവസരമായിരുന്നു.

**ഹുദൂർ:** നിങ്ങളിലെത്ര പേർക്ക് ഉർദു മനസ്സിലാകും. അൽപമെങ്കിലും ഉർദു അറിയുന്നവർ ക്രമത്തിൽ കൈപൊക്കുക. വാഖിഫീനെ നൗ കുട്ടികൾ ഉർദു പഠിക്കാൻ ശ്രമിക്കണമെന്ന് ഹുദൂർ പറഞ്ഞു.

✲ ഒരു വാഖിഫെ നൗ കുട്ടി: ഞാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ ഗ്രന്ഥമായ ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ വായിക്കുന്നു. അതിൽ ഹുദൂർ പറയുന്നു: എല്ലാ സമുദായവും രാഷ്ട്രീയത്തിൽ പ്രവേശിക്കുന്ന ഒരു കാലം വരുന്നതാണ്. എന്നാൽ ആ സമയത്ത് നമുക്ക് രാഷ്ട്രീയക്കാരുടെ ആവശ്യമില്ല. പക്ഷേ, ഭാവിയിൽ ആവശ്യം വന്നാൽ അന്ന് കാലത്തിന്റെ ഖലീഫ പറയും. ഹുദൂർ! അഹ്മദി, രാഷ്ട്രീയക്കാർ ആകേണ്ട കാലമാണോ ഇത്?

**ഹുദൂർ:** അതെ, ആകാവുന്നതാണ്. എന്നാൽ, വാഖിഫീനെ നൗഇന് അതാകാൻ സാധിക്കില്ല. ജമാഅത്തിന്റെ ആവശ്യങ്ങൾ എന്തെല്ലാ മാണെന്നുള്ള ഒരു പ്രോഗ്രാം വാഖിഫീനെ നൗഇന് ഞാൻ നല്കിയിട്ടുണ്ട്. ഇക്കാലത്ത് നമുക്ക് ഡോക്ടർമാരുടേയും അധ്യാപകരുടേയും ആവശ്യമുണ്ട്. കുറച്ച് എഞ്ചിനിയർമാരുടേയും അക്കൗണ്ടന്റുമാരുടേയും ആവശ്യമുണ്ട്. എന്നാൽ, കൂടുതലായും ഡോക്ടർമാരുടേയും അധ്യാപകരുടേയും ആവശ്യമാണുള്ളത്. ആരിലെങ്കിലും രാഷ്ട്രീയക്കാർ ആകുന്നതിനോ അല്ലെങ്കിൽ മറ്റേതെങ്കിലും പ്രവൃത്തിക്ക് ദൈവദത്തമായ കഴിവുണ്ടെങ്കിൽ വ്യക്തിപരമായി അവർക്ക് ബന്ധപ്പെടാവുന്നതാണ്. അഹ്മദി രാഷ്ട്രീയക്കാർ ഇപ്പോഴുണ്ട്. ഘാനയിൽ അഹ്മദി രാഷ്ട്രീയക്കാർ പാർലമെന്റ് അംഗങ്ങളായിട്ടുണ്ട്. അതു പോലെതന്നെ 1974നു മുമ്പേ അഹ്മദിയ്യാ വിരുദ്ധ നിയമം പാസ്സാക്കുന്നതിനു മുമ്പേ പാക്കിസ്താനിലും ഭൂട്ടോയുടെ പാർലമെന്റിൽ മൂന്നോ നാലോ അഹ്മദി അംഗങ്ങളുണ്ടായിരുന്നു. ഒരാൾ സെനറ്റിലെ അംഗമാണ്. രണ്ട് അഹ്മദികൾ പഞ്ചാബ് അസംബ്ലിയിലും അംഗങ്ങളായിരുന്നു. ഇവിടെ അമേരിക്കയിൽ രാഷ്ട്രീയത്തിൽതാൽപര്യമുള്ളഅഹ്മദികൾക്ക് അതിലേക്ക് പോകാവുന്നതാണ്. പക്ഷേ, പാർട്ടിയെ തിരഞ്ഞെടുക്കുന്നതിൽ സൂക്ഷ്മത പാലിക്കേണ്ടതാണ്.

✲ മറ്റൊരു വാഖിഫെ നൗ കുട്ടി: ഹുദൂർ കാലിഫോർണിയായിൽ എപ്പോഴാണ് സന്ദർശനം നടത്തുന്നത്?

**ഹുദൂർ:** അല്ലാഹു കൊണ്ടു വരുമ്പോൾ. എപ്പോൾ വരാൻ കഴിയുമെന്ന് നോക്കാം. ഒരു പ്രാവശ്യം വന്നിട്ടുണ്ട്.

✲ ഒരു വാഖിഫെ നൗ: ഹ്യൂസ്റ്റണിൽ വന്നിട്ട് അങ്ങയ്ക്ക് എന്ത് തോന്നുന്നു?

**ഹുദൂർ:** വളരെ നല്ലതാണ്. സുന്ദരമായ കാഴ്ചകളുണ്ട്. ഹ്യൂസ്റ്റണിന്റെ ചുറ്റുമുള്ള പ്രദേശങ്ങളെല്ലാം കൃഷിയിടങ്ങളാണ്. പൂന്തോപ്പുകളുണ്ട്. മടകളുണ്ട്. നല്ല പ്രദേശമാണ്.

✲ ഒരു വാഖിഫെ നൗ: അമേരിക്കയിലെ അഹ്മദിയ്യാ ജമാഅത്തിന് മൊത്തത്തിൽ എങ്ങനെ കൂടുതൽ ഉയരാൻ കഴിയും?

**ഹുദൂർ:** ഞാനെന്റെ പര്യടനത്തിന്റെ അവസാനം നിങ്ങളോട് അത് പറയുന്നതാണ്.

✲ഒരു വാഖിഫെ നൗ: അമേരിക്കയിലെ വഖ്ഫെ നൗ കുട്ടികൾക്ക് ഹുദൂർ നല്കാനുദ്ദേശിക്കുന്ന ഉപദേശമെന്താണ്?

**ഹുദൂർ:** നിങ്ങളെന്റെ ഖുത്ബ കേൾക്കാറുണ്ടോ. രണ്ടു വർഷം മുമ്പേ ഞാൻ കനഡയിൽ ഖുത്ബ കൊടുത്തിരുന്നു. അതുതന്നെയാണ് വാഖിഫീനെ നൗവിന്റെ ചാർട്ടർ. അതിൽ 31 പോയന്റുകളുണ്ട്. അതനുസരിച്ച് പ്രവർത്തിക്കുക. പിന്നെ കൃത്യമായി അഞ്ചുനേര നമസ്കാരം നിർവഹിക്കുക. എവിടെയെല്ലാം മസ്ജിദുകളും നമസ്കാര സെന്ററുകളുമുണ്ടോ അവിടെ ജമാഅത്തായി നമസ്കരിക്കുക. കൃത്യമായി വിശുദ്ധ ഖുർആൻ പാരായണം ചെയ്യുക. നല്ല കുട്ടികളുമായി ചങ്ങാത്തമുണ്ടാക്കുക. പഠന


### അല്ലാഹുവിന്റെ കലാം

*"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)*

ത്വാലിബെ ദുആ
M.P.Haneef Ahmad
Ahmadiyya Jama-ath Koodali, Kerala.

### കലാമുൽ ഇമാം:–

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

ത്വാലിബെ ദുആ:
C. Shameem Ahmad
Ahmadiyya Jama-ath Calicut, Kerala.

ത്തിലേക്ക് ശ്രദ്ധ ചെലുത്തുക. ഈ നാല് കാര്യങ്ങളും ഓർത്തിരിക്കുക. ബാക്കിയുള്ള കാര്യങ്ങൾ ആ ഖുത്ബയിലുണ്ട്.

✻ഒരു വാഖിഫെ നൗ: വഖ്ഫെ നൗ എന്ന നിലയിൽ ഏറ്റവും ഉന്നതമായ വിദ്യാഭ്യാസം കരസ്ഥമാക്കാനാണ് ഞങ്ങളോടു പറയുന്നത്. അമേരിക്കയിൽ വിദ്യാർഥികൾ എടുക്കുന്ന വിദ്യാഭ്യാസ കടം ഇപ്പോൾ 1.5 ട്രില്യൺ ഡോളറായിരിക്കുകയാണ്. ഒരു വിദ്യാർഥിയുടെമേൽ വിദ്യാഭാസത്തിനെടുത്ത കടം വണ്ടി വാങ്ങാനെടുത്തതോ അല്ലാത്തതോ ആയതിനെക്കാൾ അധികമാണ്. ഇത്തരം അവസ്ഥയിൽ ഹുദൂർ എന്തു ഉപദേശമാണ് നല്കുന്നത്? അവർ നടപ്പു വർഷം തങ്ങളുടെ സാമ്പത്തിക കാര്യങ്ങൾ മെച്ചപ്പെടുത്താൻ എന്താണ് ചെയ്യേണ്ടത്?

**ഹുദൂർ** പറഞ്ഞു: ഉന്നത വിദ്യാഭ്യാസം കേവലം വാഖിഫീനെ നൗ കുട്ടികൾക്കല്ല. എല്ലാ അഹ്മദികൾക്കും നിർബന്ധമാണ്. വാഖിഫീനെ നൗ കുട്ടികൾ പഠനങ്ങളിൽ ഏറ്റവും മുമ്പിലായിരിക്കേണ്ടതാണ്. ഗവണ്മെന്റിൽ നിന്നോ ബാങ്കിൽ നിന്നോ കടം എടുക്കുന്നവരെ ഞാൻ ഉപദേശിക്കുകയാണ്: അവർ ഏതു വകുപ്പിലാണോ വിദ്യഭ്യാസം കരസ്ഥമാക്കിയത് അതേ വകുപ്പിൽത്തന്നെ ജോലി അന്വേഷിച്ച് ജോലി ചെയ്യേണ്ടതാണ്. ഏകദേശം മൂന്ന് വർഷത്തേക്ക് ട്രെയിനിംഗ് നേടുക. സ്വന്തം കടങ്ങൾ അടച്ചു തീർക്കുക. നിങ്ങളുടെ എല്ലാ കടങ്ങളും അടച്ചുകഴിഞ്ഞതിനു ശേഷം നിങ്ങൾ നിങ്ങളെ വഖ്ഫിനു വേണ്ടി സമർപ്പിക്കുക. എന്നാൽ, ഈ കാലയളവിൽ നിങ്ങളുടെ പ്രോഗ്രസ് മർക്കസിൽ അറിയിച്ചു കൊണ്ടിരിക്കുക. ഇതു കൂടാതെ ഞാൻ പറഞ്ഞതുപോലെ ദിനേന അഞ്ചു നേരനമസ്കാരം ജമാഅത്തായി നിർവഹിക്കുക. നിത്യവും ഖുർആൻ പാരായണം ചെയ്യുക. സൽസ്വഭാവം കാണിക്കുക. ഇക്കാര്യങ്ങളും ഇതോടൊപ്പം ചെയ്യേണ്ടതാണ്. നിങ്ങളേതെങ്കിലും ഹോസ്പ്പിറ്റലിലോ കമ്പനിയിലോ വക്കീലെന്ന നിലയിലോ ജോലി ചെയ്യുമ്പോൾ നിങ്ങൾ നിങ്ങളുടെ അടിസ്ഥാന ഉത്തരവാദിത്വങ്ങളും മറക്കരുത്. ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ചെയ്യുകയും സ്വന്തം കടങ്ങൾ അടച്ചു തീർക്കുകയും ചെയ്യുക. അതിനു ശേഷം മുന്നോട്ടുള്ള കാര്യങ്ങൾക്കു വേണ്ടി മാർഗദർശനം തേടാവുന്നതാണ്. മൂന്നാം നിര ലോകത്തിലേയും പാവപ്പെട്ട രാഷ്ട്രങ്ങളിലേയും വിദ്യാർഥികൾക്ക് അവരുടെ ഉന്നത പഠനത്തിനു വേണ്ടിയും നമ്മൾ തന്നെയും കടം നല്കിക്കൊണ്ടിരിക്കുന്നുണ്ട്.

✻ഒരു വാഖിഫെ നൗ: അങ്ങയ്ക്ക് അല്ലാഹുവിൽനിന്ന് വഹ്‌യ് ലഭിക്കാറുണ്ടോ?

**ഹുദൂർ:** വിവിധ മാർഗങ്ങളിലൂടെ അല്ലാഹു എങ്ങനെ പ്രവൃത്തിക്കണമെന്ന് പറയാറുണ്ട്. ഹൃദയത്തിൽ ഇട്ടു തരുന്നു. നേരിട്ടുള്ള വഹ്‌യ് ഒന്നുമില്ല. വഹ്‌യ് നബിമാർക്ക് മാത്രമാണ് ലഭിക്കുക.

ഈ ക്ലാസ് 8.15-ന് സമാപിച്ചു. കുട്ടികളോട് നമസ്കരിക്കാൻ പോകാൻ പറഞ്ഞ ഹുദൂർ അവരുമൊത്ത് ഫോട്ടോ എടുക്കുകയും ചെയ്തു. അതിനുശേഷം ഒരു വാഖിഫെ നൗ യുവാവ് സയ്യിദ് നവാസ് അഹ്മദ് ബാങ്ക് കൊടുത്തു. അപ്പോൾ ഹുദൂർ മിഹ്റാബിൽത്തന്നെ നിന്നു. അതുകഴിഞ്ഞ് ഹുദൂർ ആ ഖാദിമിനെ അടുത്ത് വിളിച്ചു. എന്താണ് ചെയ്യുന്നതെന്ന് ചോദിച്ചു. ഡോക്ടറാണെന്നും റെസിഡൻസി ചെയ്യുകയാണെന്നും പറഞ്ഞു. ലോണിനെ കുറിച്ചും ഹുദൂർ അന്വേഷിച്ചു. എത്ര ലോണുണ്ടെന്നും എത്ര അടച്ചു തീർക്കാനുണ്ടെന്നും അന്വേഷിച്ചു. അപ്പോൾ അദ്ദഹം പറഞ്ഞു: മറ്റു ചില വഴികളുമുണ്ട്. സേവനം ചെയ്യുക, പൊതുജനോപകാരപ്രദമായ പ്രവൃത്തികൾ ചെയ്യുമ്പോൾ കടം അഡ്ജസ്റ്റാകും. ചില രൂപത്തിൽ കുറഞ്ഞു കൊണ്ടിരിക്കും. അപ്പോൾ ഹുദൂർ അദ്ദേഹത്തോട് ഘാനയിലേക്ക് പോകാൻ നിർദേശിച്ചു.

തുടർന്ന് ഹുദൂർ മഗ്‌രിബ്-ഇശാഅ് നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു. ശേഷം താമസസ്ഥലത്തേക്ക് മടങ്ങി.(ബദ്ർ ഉർദു പത്രം, ഫെബ്രുവരി-28 മാർച്ച്-7, 2019)

## 2018 ഒക്ടോബർ 27ശനിയാഴ്ച:

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് രാവിലെ 6.30-ന് മസ്ജിദ് ബയ്ത്തുസ്സമീയിൽ സുബ്ഹി നമസ്കരിപ്പിച്ചു. രാവിലെ 10.30-ന് മസ്ജിദിന്റെ പുരുഷന്മാരുടെ ഹാളിലെത്തി. അവിടെ ഹ്യൂസ്റ്റൺ അഹ്മദിയ്യാ ജമാഅത്തിലെ മജ്‌ലിസെ ആമില അംഗങ്ങൾക്ക് ഹുദൂറിനോടൊപ്പം ഫോട്ടോ എടുക്കാനുള്ള ഭാഗ്യം ലഭിച്ചു.

* ലോക്കൽ മജ്‌ലിസെ ആമില അഹ്മദിയ്യാ ജമാഅത്ത് ഹ്യൂസ്റ്റൺ സൗത്ത്, * മജ്‌ലിസെ ആമില അഹ്മദിയ്യാ ജമാഅത്ത് ഹ്യൂസ്റ്റൺ നോർത്ത്, * ജമാഅത്ത് അഹ്മദിയ്യാ ഹ്യൂസ്റ്റൺ സൈപ്രസ്, കൂടാതെ വോളണ്ടിയറായി സേവനം ചെയ്യുന്ന വിവിധ വിഭാഗത്തിൽപ്പെട്ടവരും ഈ ഫോട്ടോ സെഷനിൽ പങ്കെടുത്തു.

### കുടുംബപരമായ കൂടിക്കാഴ്ചകൾ

ഇന്നത്തെ കുടുംബപരമായ കൂടിക്കാഴ് ചയിൽ 74 കുടുംബത്തിലെ 396 പേർ പങ്കെടു ത്തു. ഇവർക്കെല്ലാവർക്കും തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം ലഭിച്ചു. വിദ്യാർഥി വിദ്യാർഥിനികൾക്ക് ഹുദൂർ പേനയും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി.

അമേരിക്കയിലെ 28 ജമാഅത്തിൽനിന്ന് വന്നവരാണിവർ. സെന്റ് പോൾ, ജോർജിയ, കരോലിനാ, ഫ്ലൻകസ്, അരിസോണ, കാൻസാസ് സിറ്റി, ലോസ് ദേഗസ്, മിയാമി, ഓർലെണ്ടോ, പോർട്ട്ലാന്റ്, സെയ്റ്റൽ, സിയോൺ. ഈ ജമാഅത്തുകളിൽനിന്ന് വന്ന കുടുംബങ്ങളും വ്യക്തികളും ദീർഘമായ യാത്ര ചെയ്താണ് ഹുദൂറുമായി മുലാകാത്ത് നടത്താനെത്തിയത്. ചില കുടുംബങ്ങളും വ്യക്തികളും 1182 മൈൽദൂരം 17 മണിക്കൂർ സമയമെടുത്താണ് എത്തിയത്.

### കൂടിക്കാഴ്ച നടത്തിയ സഹോദരങ്ങളുടെ വിശ്വാസം വർധിപ്പിക്കുന്ന പ്രതികരണങ്ങൾ

അമേരിക്കയിലെ മിനിസോട്ടയിൽ (Minnesota) താമസിക്കുന്ന ഗാംബിയ(Gambia) രാജ്യത്തുനിന്നുള്ള ഒരു സ്നേഹിതൻ ഈബോ ജഫോ സാഹിബ് കൂടിക്കാഴ്ചാ അനുഭവങ്ങൾ ഈ വാക്കുകളിൽ വിവരിച്ചു: 'എന്റെ ജീവിതത്തിലെ ആദ്യകൂടിക്കാഴ്ചയായിരുന്നു ഇത്. അതിനെക്കുറിച്ച് വിവരിക്കാൻ എനിക്ക് വാക്കുകളില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ ശബ്ദം അടഞ്ഞു പോയില്ല. എനിക്ക് എന്റെ പ്രിയപ്പെട്ട ഇമാമുമായി സംസാരിക്കാൻ കഴിഞ്ഞു. ഹുദൂറിന് ചുറ്റും ഒരു പ്രത്യേക പ്രകാശം എനിക്ക് കാണാൻ കഴിഞ്ഞു. എനിക്ക് ഇൻഷുറൻസിന്റെ ബിസിനസാണെന്ന് ഞാൻ പറഞ്ഞു. അതിന്നു വേണ്ടി എന്തെങ്കിലും പേര് നിർദേശിച്ചു തരണമെന്നും. ഹുദൂർ സ്നേഹത്തോടെ എന്റെ ബിസിനസിന്റെ പേര് എന്റെ പേരിൽത്തന്നെ ആക്കാൻ പറഞ്ഞു.

സാന്റാനിയോ ജമാഅത്തിൽ നിന്നുവന്ന സുഹൃത്ത് മുസവ്വിർ റാനാ സാഹിബ് പറയുന്നു: കാലത്തിന്റെ ഖലീഫയുമായുള്ള ആദ്യ കൂടിക്കാഴ്ച വാക്കുകളിൽ വിവരിക്കാൻ കഴിയാത്തതാണ്. വിസ്മയിപ്പിക്കുന്ന ഒരു സമാധാനമാണ് അനുഭവവേദ്യമാകുന്നത്.

ഓസ്റ്റിൻ(Austin) ജമാഅത്തിൽനിന്ന് വന്ന ശുഅയ്ബ് അഹ്സൻ സാഹിബ് പറയുന്നു: ഹുദൂറിന്റെ ഓഫീസ് പ്രകാശം കൊണ്ട്, ദൈവിക പ്രകാശംകൊണ്ട് പൂരിതമായിരുന്നു. ഓരോ കണ്ണിനും അത് ഗോചരമാകുന്നതാണ്. എന്റെ ഭാര്യ വളരെ പരിഭ്രമിച്ചിരുന്നു. ഭയപ്പെടേണ്ടെന്ന് പറഞ്ഞ് ഹുദൂർ അവരെ സമാധാനിപ്പിച്ചു. ഞങ്ങളുടെ മകന് വഖ്ഫെ നൗ ആകണമെന്ന് ഞാൻ പറഞ്ഞു. അവൻ വലുതായി ഒരു വിജയിയായ മുബല്ലിഗും വാഖിഫെ സിന്ദഗിയുമാകണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. അപ്പോൾ ഹുദൂർ അനുകമ്പാപൂർവം ഞങ്ങളുടെ മകനോട് നീ പ്ലസ് വണ്ണിലെത്തുമ്പോൾ നിന്റെ മനസ്സ് മുറബ്ബിയാകണമെന്ന് പറയുന്നെങ്കിൽ തീർച്ചയായും ആയിക്കൊള്ളുക. സ്വന്തം മാതപിതാക്കളുടെ സമ്മർദ്ദത്തിൽ വരേണ്ടതില്ല. എന്നല്ല നിനക്കെന്താകണമെന്ന് നീ തന്നെ തീരുമാനിക്കുക. ഡോക്ടറാകാനാണ് ആഗ്രഹമെങ്കിൽ അതാകുക. ഇത് നിന്റെ തീരുമാനമാണ്.

സബാ റഊഫ് സാഹിബ തന്റെ കുടുംബത്തിന്റെ കൂടിക്കാഴ്ചാ അനുഭവങ്ങൾ വിവരിക്കുന്നു:

ഹുദൂറിന്റെ ഓഫീസിൽ പ്രവേശിക്കുമ്പോൾ എന്റെ ദൃഷ്ടി ഹുദൂറിൽ പതിച്ചതു മുതൽ ഈ നിമിഷം വരെ എന്നിൽ ഒരു വിഷമാവസ്ഥയാണുള്ളത്. ഹുദൂറിനോട് ഒന്നും പറയാൻ എനിക്ക് സാധിച്ചില്ല. ഹുദൂർ ആദ്യം സ്വന്തം അനുഗൃഹീത കൈ വാത്സല്യത്തോടെ എന്റെ മക്കളുടെ തലയിൽ വെച്ചു. പിന്നീട് സ്നേഹനിധിയായ ഒരു പിതാവിനെ പോലെ എന്നെ വിളിച്ച് എന്റെ തലയിലും കൈവെച്ചു. ആ കാഴ്ച വിവരിക്കാൻ എനിക്ക് കഴിയുന്നില്ല. കണ്ണുകൾക്ക് മുന്നിൽ ആ കാഴ്ച വരുമ്പോൾ പൊട്ടിക്കരയാറുണ്ട്. ഹുദൂറിനെ കണ്ടതു മുതൽ നേരം നിലച്ചതുപോലെ തോന്നുന്നു. ഇന്ന് അത്യുന്നതനായ അല്ലാഹു ഒരു പുതിയ ആത്മാവ് ഞങ്ങളുടെയുള്ളിൽ നിക്ഷേപിച്ചതുപോലെ തോന്നി. സ്വന്തം ഇമാമിനെ ഒരു നോക്ക് കാണാൻ കാലങ്ങളോളമായുള്ള ആഗ്രഹം ഇന്നാണ് സഫലമായത്.

അവരുടെ 15 വയസ്സുള്ള അസീസം നൂറുൽ ഇർഫാൻ റബ്ബാനി പറയുന്നു:'ഹുദൂറിന്റെ ഓഫീസിലേക്ക് പ്രവേശിച്ചതും അവിടത്തെ തിളങ്ങുന്ന മുഖത്തേക്ക് ദൃഷ്ടി പതിച്ചതു മുതൽ പുറത്തു വരുന്നതുവരെ എന്റെ കണ്ണുകളിൽനിന്ന് നിരന്തരം കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു.

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും, നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും നിത്യവും ഖുർആൻ പാരായണം ചെയ്യാൻ അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

ത്വാലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 05 March 2020 Issue-10

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ഹുദൂർ അതീവവാത്സല്യത്തോടെ എന്റെ സഹോദരന്റേയും സഹോദരിയുടേയും തലയിൽ തലോടുകയും ഞങ്ങൾക്ക് മൂന്നുപേർക്കും പേനയും ചോക്ലേറ്റും നല്കുകയും ചെയ്തു.

ഓസ്റ്റിൻ ജമാഅത്തിൽനിന്നു വന്ന ഡാനിയേൽ ബ്രൂക്ക് സാഹിബ് പറയുന്നു: 'ഇന്ന് എന്റെ ജീവിതത്തിലെ ആദ്യത്തെ കൂടിക്കാഴ്ചയാണ് ഹുദൂറുമായി നടന്നത്. ഈ വിനീതന് പതിനൊന്ന് വർഷം മുമ്പേയാണ് അഹ്മദിയ്യത്ത് ലഭിച്ചത്. ഇന്നത്തെ ദിവസം എന്റെ ജീവിതത്തിലെ സുപ്രധാനമാണ്. എന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു. ഞാൻ റിട്ടയേർഡ് ജീവിതം നയിക്കുന്നതുകൊണ്ട് ഹുദൂർ എന്നോട് ഉർദുവും അറബിയും പഠിക്കുന്നതിനോടൊപ്പം സ്വന്തം ആത്മീയതയിലേക്ക് പ്രത്യേകം ശ്രദ്ധിക്കാനും പറഞ്ഞു.

ഒരു സ്നേഹിതൻ ഔസാഫ് മലിക് സാഹിബ് പറയുന്നു: കൂടിക്കാഴ്ചക്ക് മുമ്പേ വളരെയധികം പരിഭ്രമിച്ചിരുന്നു. ഹുദൂറിന്റെ മുമ്പിൽ എത്തിയതും എല്ലാ പരിഭ്രമവും വേർപെട്ടുപോയി. എന്റെ മകളുടെ കൈ എന്നിട്ടും വിറയ്ക്കുന്നുണ്ടായിരുന്നു. എന്തെങ്കിലും ഭയം കൊണ്ടായിരുന്നില്ല അത്. മറിച്ച് അതിരില്ലാത്ത സന്തോഷം കാരണത്താലായിരുന്നു.

Bay point ൽ നിന്ന്(കാലിഫോർണിയ) കൂടിക്കാഴ്ചയ്ക്കുവന്ന മഹ്മൂദ് അസ്‌ലം ഖമർ സാഹിബ് പറയുന്നു: നാലുവർഷം മുമ്പേയാണ് ഞാൻ കുടുംബത്തോടൊപ്പം ഹിജ്റത്ത് ചെയ്ത് അമേരിക്കയിലെത്തിയത്. ഇന്ന് ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയ ഞങ്ങൾ എത്രമാത്രം ഭാഗ്യവാന്മാരാണ്. ഹുദൂറിനെ ഞങ്ങൾ അടുത്തുനിന്ന് നോക്കിയപ്പോൾ വളരെ ഹൃദയാവർജകമായ ഒരു കാഴ്ചയായിരുന്നു അത്. കാലത്തിന്റെ ഖലീഫയുടെ ചുറ്റും അല്ലാഹുവിന്റെ മലക്കുകൾ വലയം ചെയ്തിരിക്കുന്നതുപോ ൃലെ തോന്നിയിരുന്നു.

ഹസൻ ത്വാഹിർ സാഹിബ് പറയുന്നു: കാലത്തിന്റെ ഖലീഫയുമായി നടന്ന ഏതാനും നിമിഷങ്ങളുടെ കൂടിക്കാഴ്ച നിസ്സംശയം എന്റെ ജീവിതത്തിന്റെ സംക്ഷിപ്തവും ഏറ്റവും നല്ലതുമായ നിമിഷങ്ങളുമായിരുന്നു.

ഉട്ടഹ് ഡമേവ സ്റ്റേറ്റിൽനിന്നുവന്ന ഖുറം ശഹ്സാദ് സാഹിബ് പറയുന്നു: ഞങ്ങൾക്ക് ഹുദൂറിനെ ടീവിയിലൂടെ മാത്രമേ കാണാൻ കഴിഞ്ഞിരുന്നുള്ളൂ. ഇന്ന് സ്വന്തം കണ്ണുകൾ കൊണ്ട് മുന്നിൽ കണ്ടപ്പോൾ ഞങ്ങൾ സ്വപ്നം കാണുന്നതുപോലെയാണ് തോന്നിയത്. ഹുദൂറിനെ കണ്ടു വന്നിട്ടും ഇപ്പോഴും ഹുദൂറിനെ കണ്ടു വന്നതാണോ എന്ന് ഉറപ്പ് വരുന്നില്ല. റബ്‌വയിൽ നിന്നാണ് വരുന്നതെന്ന് ഞങ്ങൾ ഹുദൂറിനോട് പറഞ്ഞു. സുഖകരമായി നിങ്ങളിവിടെ എത്തിപ്പെട്ടതിൽ അല്ലാഹുവിന് നന്ദി പറയുന്നു. പക്ഷേ, ഇനി എല്ലാ വിധത്തിലും പരിശ്രമിക്കേണ്ടതാണ്, Active ആയിക്കൊണ്ട് ജമാഅത്തുമായി ബന്ധപ്പെട്ടിരിക്കേണ്ടതാണ്. ചെലവഴിക്കേണ്ടതാണ്.

ഒരു സ്നേഹിതൻ പറയുന്നു: ഹുദൂറുമൊത്തുള്ള ഞങ്ങളുടെ ആദ്യത്തെ മുലാഖാത്തായിരുന്നു ഇത്. മുലാഖാത്ത് സംക്ഷിപ്തമായിരുന്നുവെങ്കിലും ഒരു ഖജനാവ് കൂടെ കൊണ്ടു വന്ന പ്രതീതിയിലാണുള്ളത്. എന്റെ മകൻ ഇപ്പോൾ സംസാരിക്കാറില്ല. അവനു വേണ്ടി ഞാൻ ഹുദൂറിനോട് ദുആക്കപേക്ഷിച്ചപ്പോൾ അങ്ങേയറ്റത്തെ വാത്സല്യത്തോടെ ഹുദൂർ അവനോട് സംസാരിച്ചു കൊണ്ടിരുന്നു. അല്ലാഹു അനുഗ്രഹം ചെരിയും. ഇൻശാഅല്ലാഹ്.

സൗത്ത് പെസഫിക്കിലെ ദ്വീപ് രാഷ്ട്രമായ മാർഷൽ ഐലന്റിൽനിന്ന് നിരവധി അഹ്മദി സഹോദരന്മാർ വീടു മാറി അമേരിക്കയിലെ അർക്കൻസാസ്(Arkansas) ജില്ലയിൽ വന്ന് താമസമാക്കി. അവിടെ നിന്നുള്ള 18 പേർ 918 കിലോമീറ്റർ റോഡുമാർഗം 12 മണിക്കൂർ യാത്ര ചെയ്താണ് ഹ്യൂസ്റ്റണിൽ എത്തിയത്. ഇവർ ആദ്യമായി ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഹുദൂറിന്റെ പിന്നിൽ നമസ്കാരങ്ങൾ അനുഷ്ഠിക്കുകയും ജുമുഅ നമസ്കരിക്കുകയും ചെയ്തു. ബുധനാഴ്ച രാത്രിയാണ് ഇവർ ഹ്യൂസ്റ്റണിലെത്തിയത്. അവരുടെ പ്രദേശത്തെ മുബല്ലിഗ് പറയുന്നു: ഹുദൂറുമൊത്തുള്ള കൂടിക്കാഴ്ച അടുത്തുവന്നുകൊണ്ടിരുന്നു. അവരുടെ മുഖങ്ങൾ സന്തോഷാതിരേകത്താൽ പ്രകാശിതമായിക്കൊണ്ടിരുന്നു. മാർഷലീസ് ജനതയിലെ ഈ ആളുകളും ഇന്ന് തങ്ങളുടെ ജീവിതങ്ങളിൽ ആദ്യതവണയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അരുവിയിൽനിന്ന് വയറുനിറയെ കുടിച്ചുകൊണ്ടിരുന്നത്.

ഹുദൂർ അവരെ പരിചയപ്പെട്ടു. അവരുമായി സംസാരിച്ചു. അവരുടെ വീടുമാറ്റത്തെ കുറിച്ച് അന്വേഷിച്ചറിഞ്ഞു. ഹുദൂറുമൊത്ത് ഫോട്ടോ എടുത്തും അവർ സായൂജ്യം അടഞ്ഞു.

മുലാഖാത്തിനു ശേഷം ലിൻഅംലേക് ഘലശി ആഹലസ സാഹിബ പറഞ്ഞു: കൂടിക്കാഴ്ചക്കിടയിൽ എനിക്ക് എന്റെ വികാരത്തെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല.

അർലിൻ മിഷൻ(Arlynn Mission) സാഹിബ പറയുന്നു: മുലാഖാത്തിനിടെ എന്റെ കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു.

മറ്റൊരു സ്നേഹിതൻ റെന്നി ലൂതർ(Renny Luther) സാഹിബ് പറയുന്നു: ഹുദൂറുമൊത്തുള്ള ഈ കൂടിക്കാഴ്ച എന്റെ ജീവിതത്തിലെ അങ്ങേയറ്റം സുന്ദരമായ ദിനമായിരുന്നു.

മറ്റൊരു സ്നേഹിതൻ ആന്റൻ മർഖൊസ് (Anton Marquez) പറയുന്നു: ഞാൻ എന്റെ സ്ഥാനത്ത് നിശ്ചലനായി ഇരുന്നുപോയി. ഹുദൂറിന്റെ മുഖം നോക്കിക്കൊണ്ടേയിരുന്നു. ഒന്നും പറയാൻ സാധിച്ചില്ല.

ഇന്നത്തെ കൂടിക്കാഴ്ചയോടുകൂടി ഖിലാഫത്തുമായുള്ള അവരുടെ ബന്ധം കൂടുതൽ ദൃഢമായി. ഈ നിമിഷങ്ങളെന്നും അവർക്ക് ഓർമ നില്ക്കും. അവരിൽ ജന്മമെടുത്ത ഈ പുതിയ ആവേശം മാർഷൽ ജനതയിൽ പുതിയ തബ്‌ലീഗിനുള്ള വഴികൾ തുറക്കും ഇൻശാ അല്ലാഹ്. നാലുദിവസം അവർ ഇവിടെ താമസിച്ചു. ഹുദൂർ പോകുകയും വരികയും ചെയ്യുന്ന വഴികളിൽ ഒരു നോക്കുകാണാൻ എപ്പോഴും ഇവർ നിലയുറപ്പിച്ചിരുന്നു.

ഒരു നവ അഹ്മദി അർലിൻ(Arlynn) സാഹിബ അവരുടെ മുബല്ലിഗിനോട് പറഞ്ഞു: ഞാനും വഴിയിൽ ഹുദൂറിനെ കാണാൻ നിന്നിരുന്നു. മുന്നിലൂടെ ഹുദൂർ പോകുന്നത് കണ്ടപ്പോൾ എന്റെ ശരീരത്തിലും ഒരു നിശ്ചലാവസ്ഥയുണ്ടായി. എന്റെ കാലുകൾ ചലനമറ്റതുപോലെ എനിക്ക് തോന്നി. നടക്കാൻ ഞാൻ മറന്നു പോയി. എന്റെയുള്ളിൽ അത്ഭുതകരമായ അവസ്ഥയാണ് രൂപപ്പെട്ടത്. ഒരു പ്രത്യേക വികാരമാണ് ഞാനെന്റെയുള്ളിൽ അനുഭവിച്ചത്.

കൂടിക്കാഴ്ചയുടെ ഈ പ്രോഗ്രാം മൂന്ന് മണി വരെ നീണ്ടു. തുടർന്ന് ബയ്ത്തുസ്സമീയിൽ ളുഹ്റും അസ്റും ജംആക്കി നമസ്കരിപ്പിച്ച് ഹുദൂർ വിശ്രമ സ്ഥലത്തേക്ക് മടങ്ങി.

(തുടരും)

# അല്ലാഹുവിന്റെ അജയ്യമായ ശക്തി:

അല്ലാഹു അവന്റെ അജയ്യമായ ശക്തിയെക്കുറിച്ച് പരിശുദ്ധഖുർആൻ ഇങ്ങനെ വിവരിക്കുന്നു.

"ആകാശങ്ങളുടേയും ഭൂമിയുടേയും നാഥനായ അല്ലാഹു സമസ്തലോകത്തിന്റേയും നാഥനാകുന്നു. സർവ്വസ്തുതിയും അവനത്രെ. ആകാശങ്ങളിലും ഭൂമിയിലുമുള്ള എല്ലാ മാഹാത്മ്യവും അവനുള്ളതാണ്. സർവശക്തനും സർവതന്ത്രജ്ഞനും അവനത്രെ." (45: 37–38)

"സപ്താകാശങ്ങളും ഭൂമിയും അവയിൽ അധിവസിക്കുന്നവരുമെല്ലാംതന്നെ അവനെ വാഴ്ത്തുന്നു. ഭൂമിയിലെ സർവ വസ്തുക്കളും അവനെ സ്തുതിച്ചുകൊണ്ട് സ്തോത്രം ചെയ്യുകയും ചെയ്യുന്നു. എന്നാൽ, (അവയുടെ) സ്തോത്രം നിങ്ങൾക്ക് മനസ്സിലാകുന്നില്ല. അവൻ തീർച്ചയായും (നിങ്ങളുടെ) ദോഷങ്ങൾ മറച്ചുവയ്ക്കുന്നവനും (പാപങ്ങൾ) പൊറുത്തുതരുന്നവനുമാകുന്നു." (17:45)

അല്ലയോ എന്റെ ദാസരേ, "നിങ്ങളുടെ നാഥൻ നിങ്ങൾക്കായി കടലിൽ കപ്പലുകൾ ചലിപ്പിക്കുന്നു; നിങ്ങൾ അവന്റെ അനുഗ്രഹം തേടിപിടിക്കുന്നതിനുവേണ്ടി. തീർച്ചയായും അവൻ നിങ്ങളുടെമേൽ തുടരെത്തുടരെ കരുണ ചെയ്യുന്നവനാകുന്നു. കടലിൽ നിങ്ങൾക്ക് ആപത്തണയുമ്പോൾ നിങ്ങൾ വിളിച്ച് പ്രാർഥിക്കുന്നവരൊക്കെയും (നിങ്ങളുടെ മനസ്സിൽനിന്ന്) മാറി മറയുന്നു; അവനൊഴികെ. എന്നാൽ, അവൻ നിങ്ങളെ രക്ഷപ്പെടുത്തി കരയിലേക്ക് കൊണ്ടു വരുമ്പോൾ നിങ്ങൾ അവനിൽനിന്ന് തിരിഞ്ഞു കളയുന്നു. മനുഷ്യൻ തീരെ നന്ദികെട്ടവൻ തന്നെ. അവൻ എപ്പോഴെങ്കിലും നിങ്ങളെ കരയിൽത്തന്നെ ആഴ്ത്തിക്കളയുകയോ, അല്ലെങ്കിൽ നിങ്ങളുടെമേൽ ചരൽ വർഷിക്കുകയോ ഇല്ലെന്നും അതിൽനിന്ന് (നിങ്ങൾ) പൂർണസമാധാനത്തിലാണെന്നും പിന്നീട് നിങ്ങൾക്കുവേണ്ടി ഒരു കാര്യനിർവാഹകനെ നിങ്ങൾക്ക് കണ്ടെത്താനില്ലെന്നും നിങ്ങൾ മനസ്സിലാക്കുന്നുവോ? അല്ലെങ്കിൽ, മറ്റൊരിക്കൽ നിങ്ങളെ കടലിലേക്ക് അവൻ മടക്കിവിടുകയും നിങ്ങളുടെമേൽ ഒരു ശക്തമായ കാറ്റിനെ അയച്ച് നിങ്ങളുടെ നിഷേധം കാരണത്താൽ നിങ്ങളെ അവൻ മുക്കിക്കൊല്ലുകയില്ലെന്നും നിങ്ങൾ മനസ്സുറച്ചിരിക്കുകയാണോ? പിന്നീട് നിങ്ങൾക്കൊരു തുണക്കാരനേയും നമുക്കെതിരെ കണ്ടെത്താനാവുകയില്ല." (ഇത് അസാധ്യമാണെന്ന് കരുതുന്നുവോ?) (70: 67–70)

◆

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin